കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

മലയാലപ്പുഴ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് റിപ്പോർട്ട്

2021-2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645

ഇ-മെയിൽ: dopta.ksad@kerala.gov.in

ഫോൺ : 0468-2223691

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA/P9/1312/22

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പത്തനംതിട്ട-689645
തീയ്യതി: 06/01/2023
ഇ-മെയിൽ: dopta.ksad@kerala.gov.in
ഫോൺ: 0468-2223691

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
മലയാലപ്പുഴ ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : മലയാലപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മലയാലപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പത്തനംതിട്ട.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA/P9/1312/22 തീയ്യതി: 06/01/2023

പത്തനംതിട്ട ജില്ലയിലെ മലയാലപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പത്തനംതിട്ട ജില്ലയിലെ മലയാലപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2021-2022 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-07-2021 മുതൽ 31-10-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-07-2021 മുതൽ 31-03-2022 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 10 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

പേര്	ഉദ്യോഗപ്പേര്	തീയതി **(മുതൽ)**	തീയതി **(വരെ)**
ശ്രീമതി സ്നിഗ്ധ എസ്.	ഡെപ്യൂട്ടി ഡയറക്ടർ	17-11-2022	26-11-2022

ഓഡിറ്റിന് വിനിയോഗിച്ച സമയം :

തീയതി **(മുതൽ)**	തീയതി **(വരെ)**
17-11-2022	26-11-2022

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ. എൻ. പ്രദീപ് കുമാർ, ഓഡിറ്റ് ഓഫീസർ (ഹ ഗ്രേ)
ശ്രീ. ഷൈജു വൈ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ,
ശ്രീമതി ലേഖാ ജനാർദ്ദനൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ,
ശ്രീമതി സിന്ധുമോൾ വി.എൻ, ഓഡിറ്റർ.
കുമാരി കാവ്യാ കൃഷ്ണൻ ഓഡിറ്റർ.

(ബി)നിർവഹണാധികാരികൾ

പേര്	ഔദ്യോഗിക പദവി	തീയതി (മുതൽ)	തീയതി (വരെ)
ശ്രീമതി ഷീലാകുമാരി	പ്രസിഡന്റ്	01-04-2021	31-03-2022
ശ്രീമതി ലീലാമ്മ റ്റി.ആർ	സെക്രട്ടറി	01-04-2021	31-03-2022

നിർവ്വഹണഉദ്യോഗസ്ഥർ

പേര്	ഉദ്യോഗപ്പേര്	തീയതി (മുതൽ)	തീയതി (വരെ)
ശ്രീ. ആരിഫ് മുഹമ്മദ്	അസിസ്റ്റന്റ് എൻജിനീയർ	01-04-2021	31-03-2022
ശ്രീമതി സുമാഭായി അമ്മ	അസിസ്റ്റന്റ് സെക്രട്ടറി	01-04-2021	20-01-2022
ശ്രീ. അജിത് കുമാർ എ.ജി	അസിസ്റ്റന്റ് സെക്രട്ടറി	21-01-2022	31-03-2022
ഡോ. രേഷ്മ കണ്ണൻ	മെഡിക്കൽ ഓഫീസർ (പി.എച്ച്. സി)	01-04-2021	31-03-2022
ഡോ. രമ്യ എൻ.ആർ	മെഡിക്കൽ ഓഫീസർ (ആയുർവേദം)	01-04-2021	31-03-2022
ഡോ. ഷീജാ ബീവി വി.എ	വെറ്ററനറി സർജൻ	01-04-2021	31-03-2022
ശ്രീമതി ജി.ഡി. അഖില	കൃഷി ഓഫീസർ	01-04-2021	11-04-2021
ശ്രീമതി നസീറ ബീഗം	കൃഷി ഓഫീസർ	12-04-2021	16-05-2021
ശ്രീമതി ജി.ഡി. അഖില	കൃഷി ഓഫീസർ	17-05-2021	31-05-2021
ശ്രീമതി നസീറ ബീഗം	കൃഷി ഓഫീസർ	01-06-2021	23-09-2021
ശ്രീ. അജീബ് എസ്	കൃഷി ഓഫീസർ	24-09-2021	31-03-2022
ശ്രീമതി സൈറ ഇസ്മയിൽ	ഐ.സി.ഡി.എസ് സൂപ്പർവൈസർ	01-04-2021	31-03-2022
ശ്രീമതി ഷീലാ എസ്.കെ	ഹെഡ്മാസ്റ്റർ	01-04-2021	31-03-2022
ശ്രീ. രമേഷ് കുമാർ. റ്റി	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	01-04-2021	31-01-2022
ശ്രീ. ബിനു ഡാർവിൻ	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	01-02-2022	07-02-2022
ശ്രീമതി അഞ്ജു കൃഷ്ണൻ	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	08-02-2022	15-02-2022
ശ്രീമതി ആശാദേവി. പി	വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ	16-02-2022	31-03-2022
ശ്രീമതി നീതു കൃഷ്ണൻ	ഡയറി ഫാം ഇൻസ്ട്രക്ടർ	01-04-2021	31-03-2022

.

ഉള്ളടക്കം

ക്രമ നം	ഭാഗം **1**	ഖണ്ഡിക നമ്പർ
1	ബജറ്റ്	1-1
2	വാർഷിക ധനകാര്യപത്രിക പരിശോധന	1-2
3	സാമ്പത്തിക വിശകലനം	1-3
4	ഗ്രാന്റ് വിനിയോഗം	1-4
5	ഗ്രാന്റ് വിനിയോഗപത്രികയിലെ അപാകതകൾ	1-4-1
6	പദ്ധതി അവലോകനം	1-5
7	ദേശീയ തൊഴിലുറപ്പ് പദ്ധതി	1-6
8	ക്ഷേമ പെൻഷനുകൾ	1-7
9	ക്യാഷ് പരിശോധന	1-8
10	ആഭ്യന്തര നിയന്ത്രണം	1-9
11	മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം	1-10
12	കുമ്പളാംപൊയ്ക മാർക്കണ്ഡേയം മാർക്കറ്റിലെ ഓപ്പൺസ്റ്റാളുകൾ ജീർണ്ണിച്ച നിലയിൽ	1-11
13	തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല	1-12
14	മരണപ്പെട്ടവരുടെ സാമൂഹ്യ സുരക്ഷ പെൻഷൻ യഥാസമയം സസ്പെൻഡ് ചെയ്യുന്നില്ല- അനർഹർ തുക കൈപ്പറ്റി	1-13
15	മരണപ്പെട്ട ഗുണഭോക്താക്കളുടെ ക്ഷേമപെൻഷൻ തുക ബാങ്ക് അക്കൌണ്ടിലേക്ക് കൈമാറി	1-14
16	പൊതുമരാമത്ത് പ്രവൃത്തികൾ- ജി.എസ്.റ്റി കോമ്പൻസേഷൻ - രേഖകൾ പൂർണ്ണമല്ല	1-15
17	റ്റേക്ക്-എ–ബ്രേക്ക് - നിർമ്മിച്ച ടോയ്ലറ്റ് കെട്ടിടം ഉപയോഗപ്പെടുത്തുന്നില്ല	1-16
18	ബഡ്സ് സ്കൂളിനായി സ്ഥലം വാങ്ങി - കെട്ടിടം നിർമ്മിച്ചില്ല	1-17
19	പുതുക്കളം കാഞ്ഞിരപ്പാറ റോഡിൽ പുതിയ പൈപ്പ് ലൈൻ സ്ഥാപിക്കൽ - പദ്ധതി നടപ്പിലായില്ല	1-18
20	പൊതുശ്മശാനം, മാലിന്യപരിപാലനം - തുടർനടപടികൾ അനിവാര്യം	1-19
21	വാട്ടർ അതോറിറ്റിയിൽ നിന്നും മടക്കി നൽകിയ തുക തനത് ഫണ്ടിൽ സൂക്ഷിക്കുന്നു	1-20
22	അഗതിരഹിത കേരളം പദ്ധതി- ലക്ഷ്യം കൈവരിച്ചില്ല	1-21
23	മരുന്ന് പൂർണ്ണമായും ലഭ്യമാക്കിയില്ല.	1-22
24	ലൈഫ് ഭവനപദ്ധതി- നിർമ്മാണം പൂർത്തീകരിച്ചില്ല	1-23
25	ടോയ്ലറ്റ് നിർമ്മാണം- പൂർത്തീകരിച്ചില്ല	1-24

26	കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റ് തുകകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയില്ല	1-25
27	പ്രോജക്ട് സമയബന്ധിതമായി നടപ്പിലാക്കിയില്ല- ഫണ്ട് ലാപ്സായി	1-26
28	ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ നൽകിയ തുക തിരികെ ഈടാക്കിയില്ല	1-27
29	അങ്കണവാടികൾക്ക് അടിസ്ഥാന സൗകര്യം -അവലോകനം	1-28
30	ബാലസഭ പ്രവർത്തനങ്ങൾ- നൽകിയ തുക പൂർണ്ണമായും ചെലവഴിച്ചില്ല	1-29
ഭാഗം **2**		
--- No Records Found ---		
ഭാഗം **3**		
--- No Records Found ---		
ഭാഗം **4**		
1	സംയുക്ത പദ്ധതികൾ	4-1
2	നിക്ഷേപ പ്രവൃത്തികൾ	4-2
3	മൊബിലൈസേഷൻ അഡ്വാൻസ്	4-3
4	വായ്പ/ വായ്പ തിരിച്ചടവ്	4-4
5	സ്ഥിരനിക്ഷേപം	4-5
6	ഓഡിറ്റ് റിക്കവറി	4-6
7	സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം	4-7
8	ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം	4-8
9	ഓഡിറ്റ് പ്രത്യവലോകനം	4-9
10	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ	4-10
അനുബന്ധം		
1	ഓഡിറ്റ് സാക്ഷ്യപത്രം	
2	ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം	

ഭാഗം -1

പൊതു അവലോകനം

1-1 ബജറ്റ്

19-03-2021 തീയതിയിലെ 1(1) നമ്പർ തീരുമാനപ്രകാരം ബജറ്റ് അംഗീകരിച്ചു. പുതുക്കിയ/ പരിഷ്കരിച്ച ബജറ്റ് 09-02-22 തീയതിയിലെ 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

1-2 വാർഷിക ധനകാര്യപത്രിക പരിശോധന

ഗ്രാമപഞ്ചായത്തിന്റെ 2021-22 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ഷെഡ്യൂൾ B3- Capital Contribution ഇനത്തിൽ മുൻവർഷത്തെ തുക തന്നെയാണ് തൻവർഷത്തെ നീക്കിബാക്കിയായി കാണിച്ചിരിക്കുന്നത്. ഗ്രാന്റ് ചെലവുകൾ എല്ലാം തന്നെ റവന്യൂ ചെലവുകളായി ഷെഡ്യൂൾ I-6 ൽ അക്കൗണ്ട് ചെയ്തിരിക്കുന്നു. ഗ്രാന്റ് തുകകൾ ഉപയോഗിച്ച് സ്ഥിര ആസ്തികൾ സൃഷ്ടിച്ചപ്പോൾ ആയത് Capital Head -ൽ അക്കൗണ്ട് ചെയ്തില്ല.

2) ഷെഡ്യൂൾ B4- CFC ഗ്രാന്റ് (Tied & Un Tied) ഇനത്തിൽ നീക്കിബാക്കിയായി കാണിച്ചിരിക്കുന്ന തുക കൃത്യമല്ല.

3) ഷെഡ്യൂൾ B4- Grant From Suchitwa Mission ഇനത്തിൽ മുൻവർഷത്തെ തുക തന്നെയാണ് നീക്കിബാക്കിയായി കാണിച്ചിരിക്കുന്നത്. എന്നാൽ പ്രസ്തുത ഹെഡ്ഡിൽ 836081 രൂപയുടെ ചെലവുണ്ട്. ചെലവ് തുക കൃത്യമായി ജേണൽ എൻട്രി നടത്തി ടി അക്കൗണ്ട് കൃത്യമാക്കേണ്ടതാണ്

4) ഷെഡ്യൂൾ B4- Contribution For Joint Venture Projects- Block Panchayat ഇനത്തിൽ 100000 രൂപ നീക്കിബാക്കിയായി കാണിച്ചിരിക്കുന്നു. എന്നാൽ പ്രസ്തുത തുക 21-03-2022- ൽ ഗവൺമെന്റ് കുറവ് (Deduct) ചെയ്തിരുന്നു.ആയതിനാൽ ടി ഹെഡ്ഡിൽ നീക്കിബാക്കിയില്ല. ആയത് കൃത്യമാക്കേണ്ടതാണ്.

5)ഷെഡ്യൂൾ B-5:- Beneficiary Contribution ഇനത്തിൽ വരവ്-ചെലവ് തുകകൾ പൂർണ്ണമായി ടി ഹെഡ്ഡിൽ അക്കൗണ്ട് ചെയ്യാത്തതിനാൽ നീക്കിബാക്കിയായി കാണിച്ചിരിക്കുന്ന തുക കൃത്യമല്ല.

6)ഷെഡ്യൂൾ B-7:- Deposits Received എന്ന ഹെഡ്ഡിൽ ബാധ്യതയായി കാണിച്ചിരിക്കുന്ന തുകയുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ വാർഷിക സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

7) ഷെഡ്യൂൾ B-9:-Goverment And Other Dues Payable- 99460 രൂപ മുൻവർഷത്തെ നീക്കിബാക്കി തുക തന്നെയാണ് തൻവർഷവും രേഖപ്പെടുത്തിയിട്ടുള്ളത്.

8)ഷെഡ്യൂൾ B-9:- Refunds Payable Deposit Works- 235108 രൂപ ഡെപ്പോസിറ്റ് പ്രവൃത്തികളുടെ പൂർത്തീകരണത്തിന് ശേഷം വാട്ടർ അതോറിറ്റിയിൽ നിന്നും തിരികെ ലഭിച്ചിരുന്നു. പ്രസ്തുത തുക സർക്കാർ ഫണ്ടിലേക്ക് തിരികെ അടവാക്കേണ്ടതാണ്.

9)ഷെഡ്യൂൾ B-9:- തൊഴിൽ നികുതി, ലൈസൻസ് ഫീ ഇനങ്ങളിൽ അഡ്വാൻസായി പിരിച്ചെടുത്ത തുക രേഖപ്പെടുത്തി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

10) ഷെഡ്യൂൾ B-11:- Roads Cement Concrete ഇനത്തിൽ മുൻവർഷത്തെ തുക തന്നെയാണ് കാണിച്ചിരിക്കുന്നത്. പുതിയതായി റോഡുകൾ കോൺക്രീറ്റ് ചെയ്തുവെങ്കിലും ആസ്തിയിൽ മാറ്റം വരുത്തിയില്ല.

11) ഷെഡ്യൂൾ B-11(a):-Capital Work In Progress- Part Payment നടത്തിയ പ്രവൃത്തികളുടെ വിവരങ്ങൾ അസ്സിസ്റ്റന്റ് എഞ്ചിനീയർ സാക്ഷ്യപ്പെടുത്തി ഹാജരാക്കാത്തതിനാൽ ടി തുകയുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

12) ഷെഡ്യൂൾ B-15:- വസ്തുനികുതി- ഡിമാന്റ് (ഷെഡ്യൂൾ I-1), കളക്ഷൻ (ഷെഡ്യൂൾ RP-43), നീക്കിബാക്കി (ഷെഡ്യൂൾ B-15) തുകകൾ സഞ്ചയ സോഫ്റ്റ് വെയറിലെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് തുകകളുമായി പൊരുത്തപ്പെടുന്നില്ല.

13) ഷെഡ്യൂൾ B-15:-Redumption Amount ഇനത്തിൽ കാണിച്ചിരിക്കുന്ന തുക യഥാർത്ഥ തുകയുമായി പൊരുത്തപ്പെടുത്തുന്നില്ല.

14) ഷെഡ്യൂൾ B-18:- Advance To KWA, Advance To KSEB വൻതുകകൾ ക്രമീകരിക്കാൻ അവശേഷിക്കുന്നതായി കാണിച്ചിരിക്കുന്നു. പൂർത്തീകരിച്ച പ്രവൃത്തികളുടെ വിനിയോഗ രേഖകൾ വാങ്ങി അവ ആസ്തിയായി മാറ്റി പ്രസ്തുത ഷെഡ്യൂൾ ഇനങ്ങൾ കൃത്യമാക്കേണ്ടതാണ്.

15) ഷെഡ്യൂൾ I-6:- സി.എഫ്.സി (Tied & Untied), മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) ഇനങ്ങളിലെ ചെലവ് തുകകൾ ചെലവ് സ്റ്റേറ്റ്മെന്റിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.

16) ഷെഡ്യൂൾ RP-43:- തൊഴിൽ നികുതി, ലൈസൻസ് ഫീ,ഇനങ്ങളിലെ വരവ് തുകകൾ ബന്ധപ്പെട്ട രജിസ്റ്ററുകളുമായി പൊരുത്തപ്പെടുത്തുന്നില്ല. രജിസ്റ്ററുകളിൽ ഡി.സി.ബി തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുന്നില്ല.

1-3 സാമ്പത്തിക വിശകലനം

മുന്നിരിപ്പ്	13668898
വരവ്	68409088
ആകെ	82077986
ചെലവ്	69152505
നീക്കിയിരിപ്പ്	12925481

1-4 ഗ്രാന്റ് വിനിയോഗം

ഗ്രാന്റിനം	മുന്നിരിപ്പ്	അലോട്ട്മെന്റ് പ്രകാരം വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്	നീക്കിയിരിപ്പിൽ ലാപ്സായ തുക
വികസന ഫണ്ട് (ജനറൽ)	-	16148560	16148560	13787125	2361435	2361435
വികസന ഫണ്ട് (എസ്.സി.പി)	-	6402259	6402259	5499589	902670	902670
വികസന ഫണ്ട് (റ്റി.എസ്.പി)	-	8526	8526	0	8526	8526
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Tied)	-	6361785	6361785	4152764	2209021	
ധനകാര്യ കമ്മീഷൻ ഗ്രാന്റ് (Un Tied)	-	3255820	3255820	2472101	783719	
മെയിന്റനൻസ് ഗ്രാന്റ് - റോഡ്	-	11515568	11515568	8542819	2972749	2972749
മെയിന്റനൻസ് ഗ്രാന്റ് - നോൺ റോഡ്	-	5202519	5202519	2630249	3355989	3355989

സംസ്ഥാനാവിഷ്കൃതം (ഇനം തിരിച്ച്)					
ഇനം	മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
ശുചിത്വമിഷൻ ഗ്രാന്റ്	1912081	0	1912081	836081	1076000
ലൈബ്രറി ഗ്രാന്റ്	1436	11040	12476	12476	0
സാക്ഷരത	0	11688	11688	11688	0
കേന്ദ്രാവിഷ്കൃത ഫണ്ട് (ഇനം തിരിച്ച്)					
എൻ.ആർ.ഇ.ജി.എസ്	3948	28205153	28209101	28193773	15328
ഐ.സി.ഡി.എസ്	1055964	421344	1477308	894385	582923

1-4-1 ഗ്രാന്റ് വിനിയോഗപത്രികയിലെ അപാകതകൾ

2021-22 വർഷത്തെ ഗ്രാമപഞ്ചായത്തിന്റെ ഗ്രാന്റ് വിനിയോഗപത്രികകൾ തയ്യാറാക്കിയതിൽ ചുവടെ പറയുന്ന അപാകതകൾ ഉണ്ടായിട്ടുണ്ട്.

1) വികസന ഫണ്ടിനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിച്ച ഗ്രാന്റിൽ വിവിധ ഇനങ്ങളിൽ സോഴ്സ് ഡിഡക്ഷൻ നടത്തിയതിന് ശേഷം കിട്ടിയ തുകയാണ് ഗ്രാന്റ് സ്റ്റേറ്റ്മെന്റിൽ വരവായി കാണിച്ചിട്ടുള്ളത്. തന്മൂലം വികസനഫണ്ട് (പൊതുവിഭാഗം, എസ്.സി.പി.) എന്നിവയുടെ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ് കൃത്യമല്ല.

ക്രമ നം	വിഭാഗം	അലോട്ട്മെന്റ് പ്രകാരമുള്ള വരവ്	ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരവ്	വ്യത്യാസം	റിമാർക്സ്
1	വികസന ഫണ്ട് (ജനറൽ)	16148560	14730893	1417667	അംഗനവാടി ജീവനക്കാരുടെ പ്രതിഫലം- 1095000 രൂപ, ലൈഫ് - കെ.യു.ആർ.ഡി.എഫ്.സി വായ്പ്പ തുക- 322667 രൂപ എന്നീ ഇനങ്ങളിലാണ് സോഴ്സ് ഡിഡക്ഷൻ നടത്തിയത്. പ്രസ്തുത തുകകൾ ഗ്രാന്റ് വരവിൽ ഉൾപ്പെടുത്തിയില്ല.
2	വികസന ഫണ്ട് (എസ്.സി.പി)	6402259	6343592	58667	ലൈഫ് - കെ.യു.ആർ.ഡി.എഫ്.സി വായ്പ്പ തുക- 58667 രൂപ സോഴ്സ് ഡിഡക്ഷൻ നടത്തിയിരുന്നു. പ്രസ്തുത തുക ഗ്രാന്റ് വരവിൽ ഉൾപ്പെടുത്തിയില്ല.

1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

അംഗീകാരം ലഭിച്ചത് (എണ്ണം)	പദ്ധതി അടങ്കൽ	നടപ്പാക്കിയത് (എണ്ണം)	പദ്ധതി ചെലവ്	നടപ്പിലാ ക്കാത്തവ (എണ്ണം)	ചെലവ് ശതമാനം
145	77436005	124	50511677	21	65

1-6 ദേശീയ തൊഴിലുറപ്പ് പദ്ധതി

ഓഡിറ്റ് വർഷത്തെ തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട വരവ് ചെലവ് വിവരങ്ങൾ താഴെ ചേർക്കുന്നു.

മുന്നിരിപ്പ്	വരവ്	ആകെ	ചെലവ്	നീക്കിയിരിപ്പ്
3948	28205153	28209101	28193773	15328

1-7 ക്ഷേമ പെൻഷനുകൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

ക്ഷേമപദ്ധതിയുടെ പേര്	ചെലവഴിച്ച തുക	ഗുണഭോക്താക്കളുടെ എണ്ണം
കർഷകതൊഴിലാളി പെൻഷൻ	5810600	373
വിധവാപെൻഷൻ	11410800	752
വാർദ്ധക്യകാല പെൻഷൻ	22872600	1614
മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്കുള്ള പെൻഷൻ	3723400	244
അവിവാഹിതരായ 50 വയസ്സിനുമേൽ പ്രായമുള്ള സ്ത്രീകൾക്കുള്ള പെൻഷൻ	489600	49
തൊഴിൽരഹിത വേതനം	7320	7

1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21.11.2022-ാം തീയതി 3.00 മണിക്ക് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 11,486 (പതിനോരായിരത്തി നാനൂറ്റി എൺപത്തിയാറ്) രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത ബോദ്ധ്യപ്പെട്ടു.

1-9 ആഭ്യന്തര നിയന്ത്രണം

ഓഫീസ് ഉത്തരവില്ലടെ ജീവനക്കാർക്ക് ചുമതലകൾ വിഭജിച്ച് നൽകിയിട്ടുണ്ട്. ഗുണഭോക്താക്കൾ മരണപ്പെട്ടശേഷവും അവരുടെ ക്ഷേമപെൻഷൻ സസ്പെന്റ് ചെയ്യാത്തതിനാൽ അനർഹമായി തുക അവരുടെ അക്കൌണ്ടുകളിലേക്ക് നൽകി വരുന്ന എന്ന ഗുരുതരമായ സ്ഥിതിവിശേഷമുണ്ട്. ബാങ്കുകൾ മുഖേന ഗുണഭോക്താക്കളുടെ വീടുകളിൽ (Direct To Home) ക്ഷേമപെൻഷൻ നൽകുന്ന സംവിധാനത്തിൽ ബാങ്കുകളുടെ സസ്പെൻസ് അക്കൌണ്ടുകളിലും ഗണ്യമായ തുക ക്രമവിരുദ്ധമായി ട്രാൻസ്ഫർ ചെയ്ത് നൽകിയിട്ടുണ്ട്. പുതുക്കളം-കാഞ്ഞിരപ്പാറ പൈപ്പ് ലൈൻ എക്സ്റ്റൻഷന് വേണ്ടി ഓഡിറ്റ് വർഷത്തെ പദ്ധതി പ്രകാരം 53 ലക്ഷം രൂപ വാട്ടർ അതോറിറ്റിയിൽ നിക്ഷേപിച്ചത് കൃത്യമായ ആസൂത്രണം ഇല്ലാതെയാണ്. ജലജീവൻമിഷനിൽ നിന്നും നടപ്പാക്കി വരുന്ന പ്രവൃത്തികളിൽ പ്രസ്തുത പ്രദേശവും ഉൾപ്പെടുന്ന എന്നതിനാൽ വാട്ടർ അതോറിറ്റി 2021-22 ലെ പദ്ധതി ഏറ്റെടുക്കാതെ നിക്ഷേപത്തുക തിരികെ നൽകും എന്ന് അറിയിച്ചിട്ടുണ്ട്. കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥനായ കാർഷിക പദ്ധതികൾക്ക് കൃത്യമായ മോണിട്ടറിംഗ് നടക്കുന്നില്ല. ആസ്തി പരിപാലനത്തിൽ കൂടുതൽ സജീവമായ ഇടപെടൽ ഉണ്ടാകേണ്ടതുണ്ട്. മുൻവർഷങ്ങളിലെ പദ്ധതി പ്രകാരം ബഡ്സ് സ്കൂളിന് സ്ഥലം വാങ്ങിയെങ്കിലും ആയത് അതിർത്തി നിർണ്ണയിച്ച് സംരക്ഷിക്കുന്നതിന് സാധിച്ചിട്ടില്ല. 40 വർഷം മുമ്പ് പൊതുശ്മശാനത്തിന് സ്ഥലം വാങ്ങിയിരുന്നുവെങ്കിലും ആയത് സംരക്ഷിച്ച് പൊതുശ്മശാനം സ്ഥാപിക്കുന്നതിന് കഴിഞ്ഞിട്ടില്ല. ഈ വിഷയങ്ങളിലേക്ക് ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

അഗതിരഹിതകേരളം പദ്ധതി ഫലപ്രദമായി നടപ്പാക്കുന്നതിന് ശ്രമം ഉണ്ടായിട്ടില്ല. പ്ലാൻ ഫണ്ട് വിനിയോഗിച്ച് ടി പദ്ധതിയിൽ ഉൾപ്പെടുത്തി നൽകാൻ കഴിയുമായിരുന്ന ഭൂമി, വീട് , വീട് മെയിന്റനൻസ് എന്നിവ ഗുണഭോക്താക്കൾക്ക് അനുവദിക്കപ്പെടാതിരുന്നത് മൂലം സർക്കാർ ഫണ്ട് ചെലവഴിക്കപ്പെടാതെ കുടുംബശ്രീ അക്കൗണ്ടിൽ അവശേഷിക്കുന്ന സ്ഥിതിവിശേഷമാണുള്ളത്.

കുമ്പളാംപൊയ്കയിലുള്ള ഇറച്ചിസ്റ്റാളുകളുടെ അടിസ്ഥാന സൗകര്യങ്ങളിലെ അപര്യാപ്തതമൂലം അവ ലേലം ചെയ്ത് നൽകാൻ കഴിയുന്നില്ല. തെരുവുവിളക്കുകളുടെ വൈദ്യുതി ചാർജ്, പൊതുടാപ്പുകളുടെ കുടിവെള്ളക്കരം എന്നിവ ശാസ്ത്രീയമായി നിർണ്ണയിച്ചതിനാൽ ടി ഇനങ്ങളിലെ ചെലവ് ഗണ്യമായി കുറയ്ക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. രേഖകളുടെയും രജിസ്റ്ററുകളുടെയും സൂക്ഷിപ്പ്, ഫ്രണ്ട് ഓഫീസ് പ്രവർത്തനം എന്നിവ പൊതുവെ തൃപ്തികരമാണ്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

ഓഡിറ്റ്	അവസാനം ഓഡിറ്റ് നടത്തിയ തീയതി	ഓഡിറ്റ് കാലയളവ്	റിപ്പോർട്ട് ലഭിച്ച തീയതി
പെർഫോമൻസ് ഓഡിറ്റ്	24-06-22 മുതൽ 25-06-22 വരെ	01-01-22 മുതൽ 31-03-22 വരെ	ലഭിച്ചിട്ടില്ല
അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ്	07-09-18 മുതൽ 19-09-18 വരെ	2013-14 മുതൽ 2017-18 വരെ	03-11-2018

1-11 കുമ്പളാംപൊയ്ക മാർക്കണ്ഡോദയം മാർക്കറ്റിലെ ഓപ്പൺസ്ററാളുകൾ ജീർണ്ണിച്ച നിലയിൽ

ഗ്രാമപഞ്ചായത്തിലെ കുമ്പളാംപൊയ്ക മാർക്കണ്ഡോദയം മാർക്കറ്റിലെ ഓപ്പൺസ്ററാളിൽ അംഗീകൃത കശാപ്പുശാലകളിൽ നിന്നും ശേഖരിക്കുന്ന മാംസം കച്ചവടം ചെയ്യുന്നതിനുള്ള അവകാശം 12.8.2021 ൽ ലേലം നടത്തിയെങ്കിലും ആരും പങ്കെടുത്തില്ല. തുടർന്ന് 9.5.2022, 13.9.2022 എന്നീ തീയതികളിൽ പുനർലേലം നടത്തിയെങ്കിലും ആരും പങ്കെടുത്തില്ല. ഇത് സംബന്ധിച്ച് നൽകിയ ആഡിറ്റ് അന്വേഷണക്കുറിപ്പിന് (നം.9/23.11.2022, നം.21/25.11.2022) മറുപടിയായി, തൊട്ടടുത്ത പഞ്ചായത്തുകളുടെ പരിധിയിലുള്ള സ്ഥലങ്ങളിൽ ഇറച്ചിവ്യാപാരം നടക്കുന്നതിനാലും ടി മാർക്കറ്റിൽ പെട്ടെന്ന് എത്തിപ്പെടാൻ ബുദ്ധിമുട്ടുള്ളതിനാലുമാണ് 2016-17 സാമ്പത്തിക വർഷത്തിനു

ശേഷം നടത്തിയ ലേലങ്ങളിൽ ആരും പങ്കെടുക്കാതിരുന്നതെന്നും വ്യാപാരത്തിനുള്ള സാധ്യത കുറയുന്നതെന്നും സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്.

മാർക്കറ്റിലെ ഓപ്പൺസ്റ്റാളുകളും പരിസരവും കാടുമൂടി ഉപയോഗശൂന്യമായ നിലയിൽ സ്ഥിതി ചെയ്യുന്നതായി ഓഡിറ്റ് നടത്തിയ സ്ഥല പരിശോധനയിൽ ബോധ്യപ്പെട്ടു. മാർക്കറ്റ് ഉൾപ്പെടുന്ന സ്ഥലം ഗ്രാമപഞ്ചായത്തിന്റെ ആസ്തിയായി ഉൾപ്പെട്ടിട്ടുള്ളതാണ്. നിഷ്ക്രിയാസ്തിയായി കിടക്കുന്ന പ്രസ്തുത സ്റ്റാളുകളുടെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ആയത് ഏത് ഉദ്ദേശത്തിന് ഉപയോഗപ്പെടുത്താം എന്ന സാദ്ധ്യത ഭരണതലത്തിൽ പരിശോധിക്കുന്നതിനും ശുപാർശ ചെയ്യുന്നു.

1-12 തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയില്ല

2021-22 വർഷത്തെ തൊഴിൽനികുതി ഡിമാൻറ് രജിസ്റ്റർ, റിട്ടേണുകൾ എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

(എ). ഓഡിറ്റ് വർഷം പഞ്ചായത്തിലെ പൊതുമരാമത്ത് പ്രവൃത്തികൾ ചെയ്ത കരാറുകാരിൽ നിന്നും തൊഴിൽ

നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1.ശ്രീ. വി.വി അനിയൻ കുഞ്ഞ്, വെട്ടോലിൽ, കാരിക്കയം, ചിറ്റാർ

2. ശ്രീ. ഹരിലാൽ എസ്, പുല്ലംപ്ളാവിൽ, മലയാലപ്പുഴ

3. ശ്രീ. പ്രദ്യുസൂദനൻ പിള്ള, കതിരിൻകുളത്ത്, മലയാലപ്പുഴ

4. ശ്രീ. സാമുവൽ ഗീവർഗീസ്, പെരിങ്ങേത്ത്, കുമ്പഴ

5. ശ്രീ. സോണി എസ്. അച്ചൻകുഞ്ഞ്, ഇമ്മാനുവൽ നിവാസ്, പത്തനംതിട്ട

6. ശ്രീ. സുഭാഷ് കെ, കാർത്തിക, പത്തനംതിട്ട

7. ശ്രീ. സലിം എച്ച്, ഇടയിലേവീട്ടിൽ, ചിറ്റാർ

8. ശ്രീ. വിജു വി.ആർ, വെട്ടിക്കുളത്ത്, തലച്ചിറ, മലയാലപ്പുഴ

9. ശ്രീ. ജയകുമാർ, വിസ്മയ, മറ്റൂർ, മല്ലശ്ശേരി

10. ശ്രീ. അനൂപ് ജി, താമരയ്യത്ത്, മന്നം നഗർ, പന്തളം

11. ശ്രീ. സിബി ദാനിയൽ, മേലേമുറിതെക്കേതിൽ, തെങ്ങുംകാവ്

12. ശ്രീ. അനൂപ്, സോമൻ, അർച്ചന സദനം, തലച്ചിറ, മലയാലപ്പുഴ

(ബി). പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന ക്ഷീര സഹകരണ സംഘങ്ങളിലെ

ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

1.വെട്ടൂർ കെ.യു.സി.എസ്, പി.റ്റി 115(1) ആപ്കോസ്

2. മലയാലപ്പുഴ കെ.യു.സി.എസ്, ആപ്കോസ്

3. അട്ടച്ചാക്കൽ കെ.യു.സി.എസ്, ആപ്കോസ്

4. മുക്കുഴി, പുതുക്കുളം കെ.യു.സി.എസ്, പിറ്റി 133 ആപ്കോസ്

5.ചേറാടി കെ.യു.സി.എസ്, ആപ്കോസ്

പൊതുമരാമത്ത് പ്രവൃത്തികൾ ചെയ്ത കരാറുകാർ മറ്റേതെങ്കിലും തദ്ദേശസ്ഥാപനത്തിൽ തൊഴിൽനികുതി ഒടുക്കിയിട്ടുണ്ടെങ്കിൽ ടി രസീതിന്റെ പകർപ്പ് വാങ്ങേണ്ടതാണ്. ബാധകമായ കരാറുകാരിൽ നിന്നും ക്ഷീരസഹകരണസംഘങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

1-13 മരണപ്പെട്ടവരുടെ സാമൂഹ്യ സുരക്ഷ പെൻഷൻ യഥാസമയം സസ്പെൻഡ് ചെയ്യുന്നില്ല- അനർഹർ തുക കൈപ്പറ്റി

സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണ രേഖകളും, ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടുള്ള മരണങ്ങളുടെ രേഖകളും പരിശോധിച്ചതിൽനിന്നും മരണമടഞ്ഞ വ്യക്തികൾക്ക് ക്ഷേമപെൻഷൻ അനുവദിച്ച് നൽകുന്നതായി ബോധ്യപ്പെട്ടിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നം	ഗുണഭോക്താവിന്റെ പേര്	പെൻഷൻ ഐഡി	പെൻഷൻ സ്റ്റാറ്റസ്	മരണപ്പെട്ട തീയതി	മരണ രജി. നം.	നിലവിലെ സ്ഥിതി

1	ലക്ഷ്മി കുട്ടിയമ്മ, ലക്ഷ്മി ഭവൻ, മലയാലപ്പുഴ താഴം	104120200551	ആക്ടീവ്	01/11/2021	99/2021	നിലവിലും ടി ഗുണഭോക്താക്കളുടെ അക്കൌണ്ടിലേക്ക് തുക നൽകി വരുന്നു
2	മുനിസാമി, എസ്റ്റേറ്റ് ഡിവിഷൻ നം.2, ഏറം, മലയാലപ്പുഴ	104120200713	ആക്ടീവ്	05/06/2020	51/2020	ടി
3	കറുപ്പായി, എസ്റ്റേറ്റ് ഡിവിഷൻ നം.2, ചെങ്ങറ	104120600437	ആക്ടീവ്	30/12/2021	2/2022	ടി
4	വിജയൻ പിള്ള, മരോട്ടിമൂട്ടിൽ, ഏറം	104120100624	ആക്ടീവ്	01/12/2021	122/2021	ടി
5	അംബുജാക്ഷൻ നായർ കെ എസ്, കലക്കത്തേത്ത് പുതുമന, മലയാലപ്പുഴ താഴം	104120200446	ആക്ടീവ്	01/02/2022	25/2022	ടി
6	ഇന്ദിരാ രാജൻ, രമ്യ ഭവന്, മലയാലപ്പുഴ താഴം	104120201492	ആക്ടീവ്	26/03/2022	25/2022	ടി
7	അംബുജാക്ഷിയമ്മ, മതിലടിയിൽ, മലയാലപ്പുഴ താഴം	104120100143	ആക്ടീവ്	23/04/2022	46/2022	ടി
8	രാഘവൻ കെ ആർ, രാമമംഗലത്ത്, പൂതിപ്പാട്, ഏറം	104120200854	ആക്ടീവ്	26/04/2022	50/2022	ടി
9	മോഹനൻ നായർ എസ്, നീലഗിരി, വടക്കുപുറം	104120201449	ആക്ടീവ്	22/05/2022	56/2022	ടി
10	ഭവാനി, കീഴേത്ത് മുരുപ്പേൽ, മലയാലപ്പുഴ താഴം	104120200139	ആക്ടീവ്	19/05/2022	57/2022	ടി
11	ദിവാകരൻ, കടുവാക്കുഴിക്കൽ, താഴം	104120200859	ആക്ടീവ്	09/07/2022	87/2022	ടി

മേൽ സൂചിപ്പിച്ച ഗുണഭോക്താക്കളുടെ മരണം പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിരുന്നെങ്കിലും അവരുടെ പെൻഷൻ നിലവിലും സസ്പെന്റ് ചെയ്യാത്തതിനാൽ തുക അവരുടെ അക്കൌണ്ടിൽ ക്രഡിറ്റ് ചെയ്യപ്പെടുന്നു. അധികം നൽകിയ തുക തിരികെ ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിവരങ്ങൾ രേഖകൾ സഹിതം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.7/23.11.2022) മറുപടിയായി, ഇപ്രകാരമുള്ള തുക തിരികെ ഈടാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് സെക്രട്ടറി മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

ഓഡിറ്റിന് ലഭ്യമായ രേഖകൾ പ്രാഥമികമായി പരിശോധിച്ച് കണ്ടെത്തിയ വിവരങ്ങളാണ് മേൽ കൊടുത്തിട്ടുള്ളത്. ആയതിനാൽ ടി ഗുണഭോക്താക്കളുടെ പെൻഷൻ സസ്പെൻഡ് ചെയ്യുന്നതുൾപ്പെടെയുള്ള തുടർനടപടികൾ

സ്വീകരിക്കുന്നതിന് മുൻപ് വിശദമായ അന്വേഷണം നടത്തേണ്ടതാണ്. മേൽ പറഞ്ഞ ഗുണഭോക്താക്കൾ മരണപ്പെട്ട ശേഷവും അക്കാര്യം പഞ്ചായത്തിനെ അറിയിക്കാതെ അനന്തരാവകാശികൾ പ്രസ്തുത ക്ഷേമപെൻഷൻ തുക കൈപ്പറ്റിയതായി ബോദ്ധ്യപ്പെടുന്നപക്ഷം മരണപ്പെട്ട ഗുണഭോക്താവിനെ പെൻഷൻ ഡാറ്റാ ബേസിൽനിന്നും അടിയന്തിരമായി ഒഴിവാക്കേണ്ടതും, ഇത്തരത്തിൽ അനർഹമായി തട്ടിയെടുത്ത തുക തിരിച്ചുപിടിച്ച് സർക്കാരിൽ മുതൽക്കൂട്ടുവാൻ അടിയന്തിര നടപടി സ്വീകരിക്കേണ്ടതുമാണ്.

1-14 മരണപ്പെട്ട ഗുണഭോക്താക്കളുടെ ക്ഷേമപെൻഷൻ തുക ബാങ്ക് അക്കൌണ്ടിലേക്ക് കൈമാറി

പഞ്ചായത്തിൽ ഡയറക്ട് റ്റു ഹോം രീതിയിൽ ക്ഷേമപെൻഷൻ വാങ്ങിവന്ന ഗുണഭോക്താക്കളിൽ മരണം രജിസ്റ്റർ ചെയ്തവരുടെ പെൻഷൻ സ്റ്റാറ്റസ് യഥാസമയം സസ്പെൻഡ് ചെയ്യാത്തത് മൂലം ബാങ്കിന്റെ അക്കൗണ്ടിലേയ്ക്ക് തുക കൈമാറി. വിശദാംശം ചുവടെ ചേർക്കുന്നു.

ക്രമ നം	ഗുണഭോക്താവിന്റെ പേര്	പെൻഷൻ ഐഡി	പെൻഷൻ സ്റ്റാറ്റസ്	മരണപ്പെട്ട തീയതി	മരണ രജി. നം.	ഡി.ബി.റ്റി സ്റ്റാറ്റസ്
1	ഭാസ്കരൻ നായർ, മേലേടെത്ത്, മലയാലപ്പുഴ താഴം	104120200706	ആക്റ്റീവ്	26/04/2019	28/2019	ബാങ്ക് അക്കൗണ്ടിലേയ്ക്ക് തുക കൈമാറി
2	സോമൻ ആശാരി ആർ, ആനത്താനിയിൽ മലയാലപ്പുഴ താഴം	104120201131	ആക്റ്റീവ്	18/04/2019	38/2019	ബാങ്ക് അക്കൗണ്ടിലേയ്ക്ക് തുക കൈമാറി
3	കാർത്ത്യായനി ഒ ജെ, പുത്തൻപുരയ്ക്കൽ, വള്ളിയാനി	104120100322	ആക്റ്റീവ്	31/05/2019	50/2019	ബാങ്ക് അക്കൗണ്ടിലേയ്ക്ക് തുക കൈമാറി
4	ഗോപാലകൃഷ്ണൻ, കൃഷ്ണഭവനം, പുതുക്കുളം	104120100320	ആക്റ്റീവ്	18/07/2019	59/2019	ബാങ്ക് അക്കൗണ്ടിലേയ്ക്ക് തുക കൈമാറി
5	ഭാരതി, വെള്ളേട്ടിക്കൽ, പൂതപ്പാട്, ഏറം	104120100250	ആക്റ്റീവ്	03/03/2020	24/2020	ബാങ്ക് അക്കൗണ്ടിലേയ്ക്ക് തുക കൈമാറി
6	കെ വി വർഗീസ്, കാക്കനാട്ട്, ചീങ്കൽത്തടം	104120200209	ആക്റ്റീവ്	24/09/2021	85/2021	തുക ഗുണഭോക്താവിന് കൈമാറാൻ സാധിച്ചിട്ടില്ല. നിലവിലും പെൻഷൻ ബാങ്ക് അക്കൌണ്ടിലേക്ക് നല്കി വരുന്നു
7	മറിയാമ്മ ജോയ്, പാനറ, കിഴക്കുപുറം	104120200997	ആക്റ്റീവ്	24/09/2021	91/2021	ടി
8	ഏലിയാമ്മ ജോർജ്, വെൺമേലിൽ, കിഴക്കുപുറം	104120200339	ആക്റ്റീവ്	16/10/2021	92/2021	ടി
9	വിക്രമൻ കൊച്ചുകൃഷ്ണൻ, വള്ളിപറമ്പിൽ, ചീങ്കൽത്തടം	104120201629	ആക്റ്റീവ്	10/10/2021	94/2021	ടി
10	ഡാനിയൽ സി എം, ചാങ്ങേത്ത്, വടക്കുപുറം	104120200988	ആക്റ്റീവ്	13/11/2021	106/2021	ടി
11	വിജയൻ സി ജി, ചെമ്പകമംഗലത്ത്, വള്ളിയാനി, പരപ്പനാൽ	104120201002	ആക്റ്റീവ്	22/11/2021	121/2021	ടി

12	തോമസ് എം ഡി, മണ്ണിൽ വീട്, കിഴക്കുപുറം	104120200796	ആക്ടീവ്	21/11/2021	113/2021	ടി
13	സാറാമ്മ സാമുവൽ, പുത്തൻ വിളയിൽ, വടക്കുപുറം	104120200700	ആക്ടീവ്	19/11/2021	115/2021	ടി
14	ശാന്തമ്മ, കൊച്ചുവീട്ടിൽ നിരവേൽ, ഏറം	104120600386	ആക്ടീവ്	20/12/2021	3/2022	ടി
15	ഗോമതിയമ്മ, മേലേകോമത്ത് വീട്, മലയാലപ്പുഴ താഴം	104120100172	ആക്ടീവ്	12/01/2022	16/2022	ടി
16	ഭാരതി എ വി, ചാങ്ങോലിക്കൽ, വട്ടത്തറ, മുക്കുഴി,ഏറം	104120600701	ആക്ടീവ്	26/01/2022	20/2022	ടി
17	രാജമ്മ, പനയിൽ വീട്, കിഴക്കുപുറം	104120600577	ആക്ടീവ്	13/05/2022	62/2022	ടി
18	മേരിക്കുട്ടി ചാണ്ടി, തേക്കിൻ പതാലിൽ, വെട്ടൂർ	104120201460	ആക്ടീവ്	03/06/2022	64/2022	ടി
19	ലക്ഷ്മിക്കുട്ടിയമ്മ, വടശ്ശേരിൽ, മലയാലപ്പുഴ താഴം	104120201717	ആക്ടീവ്	12/06/2022	66/2022	ടി
20	ദേവകിയമ്മ, കുളത്തുപ്പാറ, മലയാലപ്പുഴ താഴം	104120201182	ആക്ടീവ്	27/06/2022	79/2022	ടി
21	ഗൌരി, ആഞ്ഞിലിമുറിയിൽ, മലയാലപ്പുഴ താഴം	104120200560	ആക്ടീവ്	07/07/2022	82/2022	ടി
22	ചിന്നമ്മ ഈപ്പൻ,കൈപ്പള്ളിൽ,ഏറം	104120200664	ആക്ടീവ്	05/07/2022	83/2022	ടി
23	രാമസ്വാമി, പേഴുംമൂട്ടിൽ,പുതുക്കുളം	104120100237	ആക്ടീവ്	02/08/2022	95/2022	ടി
24	ദേവകിയമ്മ, മണിമല വീട്, മലയാലപ്പുഴ താഴം	104120600301	ആക്ടീവ്	06/08/2022	102/22	ടി

ക്ഷേമപെൻഷൻ ഗുണഭോക്താക്കളിൽ കൂടുതൽ പേരും ഡയറക്ട് റ്റു ഹോം രീതിയിലാണ് പെൻഷൻ വാങ്ങുന്നത്. ഇത്തരത്തിലുള്ള ഗുണഭോക്താക്കൾ മരണപ്പെട്ടാൽ അന്വേഷണം നടത്തി യഥാസമയം പെൻഷൻ സസ്പെൻഡ് ചെയ്യണമെന്ന നിർദ്ദേശം പാലിച്ചിട്ടില്ല. ഇത് കൂടാതെ ഗുണഭോക്താക്കൾ മരണപ്പെട്ടതിനെ തുടർന്ന് അക്കൗണ്ട് ക്ലോസ് ചെയ്തതിനാൽ ലഭിച്ച പെൻഷൻ തുക ബാങ്ക് തടഞ്ഞുവച്ചിട്ടുമുണ്ട്. ഇക്കാര്യത്തിൽ വിശദമായ പരിശോധന നടത്തി ഇത്തരത്തിൽ ബാങ്കുകളിൽ വിതരണം ചെയ്യാതെ അവശേഷിക്കുന്ന തുക തിരികെ ഈടാക്കി സർക്കാരിലേക്ക് ഒടുക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-15 പൊതുമരാമത്ത് പ്രവൃത്തികൾ- ജി.എസ്.റ്റി കോമ്പൻസേഷൻ - രേഖകൾ പൂർണ്ണമല്ല

എസ്റ്റിമേറ്റിൽ ജി.എസ്.റ്റി ഉൾപ്പെടുത്തിയിട്ടില്ലാത്ത പൊതുമരാമത്ത് പ്രവൃത്തികൾ പൂർത്തിയാക്കുമ്പോൾ ജി.എസ്.റ്റി ഒടുക്കുന്നത് വഴിയുള്ള അധിക ബാദ്ധ്യത തുക കരാറുകാർക്ക് തിരികെ നൽകേണ്ടതുണ്ട് എന്ന് 27.11.2017 ഡി.ബി3-9058/17/CE/തസ്വഭവ നമ്പർ ആയുള്ള സർക്കുലറിലൂടെ നിർദ്ദേശിച്ചിട്ടുണ്ട്. ജി.എസ്.റ്റി കോമ്പൻസേഷൻ തിരികെ നൽകേണ്ട എല്ലാ പ്രവൃത്തികളുടെയും പേരും ജി.എസ്.റ്റി തുകയും ഉൾക്കൊള്ളുന്ന ഒരു ഒറ്റ പ്രോജക്ട് തയ്യാറാക്കേണ്ടതും, കരാറുകാരൻ അടച്ച തുക സർക്കാർ ഉത്തരവ് പ്രകാരം ആണെന്ന് ഉറപ്പാക്കുന്നതിന്റെയും അടച്ച തുകയുടെ രേഖ പരിശോധിച്ചതിന്റെയും അടിസ്ഥാനത്തിൽ ബന്ധപ്പെട്ട എഞ്ചിനീയർ തുക കരാറുകാരന്റെ അക്കൌണ്ടിലേക്ക് നൽകേണ്ടതുമാണെന്നും പ്രസ്തുത സർക്കുലറിൽ നിർദ്ദേശിച്ചിട്ടുണ്ട്. പൊതുമരാമത്ത് പ്രവൃത്തികൾക്ക് ജി.എസ്.റ്റി ഒടുക്കുന്നത് സംബന്ധിച്ച് കരാറുകാർ ഓരോ വർഷവും ഒരു സെൽഫ് ഡിക്ലറേഷൻ ഫോം ജി.എസ്.റ്റി വകുപ്പിലും തദ്ദേശഭരണ സ്ഥാപനത്തിലും സമർപ്പിക്കേണ്ടതാണെന്ന് തുടർന്ന് പുറപ്പെടുവിച്ച ഉത്തരവിലൂടെ സർക്കാർ

നിർദ്ദേശിച്ചിട്ടുണ്ട്.

എന്നാൽ ഗ്രാമപഞ്ചായത്തിൽ ഓഡിറ്റ് വർഷം നിർവ്വഹിക്കപ്പെട്ട പ്രവൃത്തികളുടെ കരാറുകാർക്ക് ജി.എസ്.റ്റി കോമ്പൻസേഷൻ നൽകിയപ്പോൾ ഈ വ്യവസ്ഥകൾ പാലിക്കപ്പെട്ടിട്ടില്ല. ഓരോ പ്രവൃത്തിയുടെയും ബില്ലിൽത്തന്നെ ജി.എസ്.റ്റി കോമ്പൻസേഷൻ കൂടി ഉൾപ്പെടുത്തിയാണ് പ്രതിഫലം നൽകിയിട്ടുള്ളത്. ഗ്രാമപഞ്ചായത്തിൽ നടപ്പാക്കിയതും 2.5 ലക്ഷത്തിൽ താഴെ മൂല്യം ഉള്ളതുമായ എല്ലാ പ്രവൃത്തികൾക്കും കരാറുകാർ ജി.എസ്.റ്റി അടച്ചതിന്റെയോ ജി.എസ്.റ്റി വകുപ്പിൽ സെൽഫ് ഡിക്ലറേഷൻ സമർപ്പിച്ചതിന്റെയോ രേഖകൾ വാങ്ങി ബോദ്ധ്യപ്പെടാതെയാണ് ജി.എസ്.റ്റി കോമ്പൻസേഷൻ നൽകിയിട്ടുള്ളത്. പ്രവൃത്തിമൂല്യത്തുക 2.5 ലക്ഷത്തിൽ കുറവ് ഉള്ള പ്രവൃത്തികൾക്ക് ബില്ലിൽ നിന്ന് TDS മുഖേന ജി.എസ്.റ്റി ഈടാക്കി ഒടുക്കേണ്ടാത്തതിനാൽ ഇത്തരം പ്രവൃത്തികളുടെ വിവരം ജി.എസ്.റ്റി വകുപ്പിന് ലഭിക്കുന്നില്ല എന്ന സാഹചര്യവുമുണ്ട്. മേൽസൂചിപ്പിച്ച അപാകം ഉള്ളതും പ്രവൃത്തിമൂല്യത്തുക 2.5 ലക്ഷത്തിൽ കുറവുള്ളതുമായ പ്രവൃത്തികൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു

ക്രമ നമ്പർ	പ്രവൃത്തിയുടെ പേര്, അടങ്കൽ	കരാറുകാരന്റെ പേര്	ആകെ പ്രവൃത്തിമൂല്യം (TD കുറച്ച തുക)	ജി.എസ്.റ്റി കോമ്പൻസേഷൻ നൽകിയത് (12%)	ബിൽ നമ്പർ/ വൌച്ചർ നമ്പർ, തീയതി
1	കാപ്പിൽപ്പടി - ഈട്ടിമൂട്ടിൽപ്പടി റോഡ് മെയിന്റനൻസ്	സലിം എച്ച്	229799	27575	474293/ 26.3.22
2	അടിമുറി- വാലേത്ത്പടി റോഡ് മെയിന്റനൻസ്	സിബി ഡാനിയേൽ	200655	24078	74253/ 26.3.22
3	കണ്ടത്തിൻ മേലകത്ത് പടി റോഡ് സൈഡ് കെട്ട്, ഇന്റർലോക്ക്	അനിയൻകുഞ്ഞ്	122583	14710	82333/ 26.3.22
4	പൂവണത്തിൽപ്പടി - പാടശേഖരംപടി നടപ്പാലം	വിജു വി ആർ	154400	18528	53242/ 27.8.21
5	അംഗൻവാടിക്ക് ചുമർ പെയിന്റിംഗ്	വിപിൻരാജ്	156247	18750	53249/ 27.8.21
6	പുതുക്കുളം സാംസ്കാരികനിലയം ടൈൽ പാകൽ	പ്രഭുസൂദനൻപിള്ള	73779	8853	87277/ 23.11.21
7	നിരവേൽപ്പടി- പരപ്പനാൽ റോഡ് ഇന്റർലോക്കിംഗ്	സുബാഷ് കെ	230124	27614	87281/ 23.11.21
8	കിഴക്കുപുറം ജി.എൽ.പി.എസ് പാചകപ്പുര നവീകരണം	വി ആർ വിജു	54519	6542	78696/ 19.3.22
9	കാവുംപാട്ട്പടി- ജെ.പി പ്പടി റോഡ് ഇന്റർലോക്ക്	അനിയൻകുഞ്ഞ്	210174	25221	42294/ 4.3.22
10	നല്ലേത്ത്പടി- അടിമുറി ഇടവഴി ഇന്റർലോക്ക്	അനിയൻകുഞ്ഞ്	62677	7521	74244/ 26.3.22
11	തടത്തേൽപ്പടി - മുരിങ്ങശ്ശേരിപ്പടി റോഡ് ഇന്റർലോക്ക് പാകൽ	ജെ ബി ബ്രിക്സ് & ടൈൽസ് ഇൻഡസ്ട്രി	225373	27045	34495/ 24.3.22

12	മാലേത്ത് പടി - രണ്ട്തെങ്ങിനാൽപ്പടി ഇന്റർലോക്ക് പാകൽ, സംരക്ഷണഭിത്തി	സുഭാഷ് കെ	104005	12481	29976/ 30.3.22
13	കയ്യൂർപ്പടി NSS സ്കൂൾപ്പടി റോഡ് നവീകരണം	അനിയൻകുഞ്ഞ്	119081	14290	34467/ 24.3.22
14	കിഴക്കുപുറം ഓർത്തഡോക്സ് പള്ളിപ്പടി കത്തോലിക്ക്പള്ളിപ്പടി റോഡ് സംരക്ഷണഭിത്തി	ഹരിലാൽ എസ്	196936	23632	78668/ 19.3.22
15	ഇരപ്പുങ്കൽ ശ്മശാനം സംരക്ഷണഭിത്തി	വിജു വി ആർ	209385	25126	78689/ 19.3.22
16	വെള്ളറ – ആശാരിമുരുപ്പ് റോഡ് മെയിന്റനൻസ്	അനിയൻകുഞ്ഞ്	190075	22809	74264/ 26.3.22
17	വള്ളിയാനി ചരിവുപുരയിടം റോഡ് ഇന്റർലോക്ക്	അനിയൻകുഞ്ഞ്	239695	28763	42290/ 4.3.22
18	കുരുപ്പത്തറ- വാഴപ്ലാവിൽ റോഡ് ഇന്റർലോക്ക്	അനിയൻകുഞ്ഞ്	207155	24859	78663/ 19.3.22
19	ഫാക്ടറിപ്പടി കടവുപുഴ റോഡ് ഇന്റർലോക്ക്	അനിയൻകുഞ്ഞ്	178039	21364	18687/ 4.2.22
20	ഓഫീസ് പടി പത്തുലയം കോളനി റോഡ് ഇന്റർലോക്ക്	സലിം എച്ച്	67225	8067	98597/ 24.1.22
21	കനാൽപടി- അരുവന്നൂർ കടവ് റോഡ് ഇന്റർലോക്ക്	സലിം എച്ച്	168013	20161	74267/ 26.3.22
22	വല്ല്യപറമ്പിൽപടി- കുറ്റ്യാനിക്കുളം റോഡ് ഇന്റർലോക്ക്	സുഭാഷ് കെ	158923	19071	78678/ 19.3.22
23	പനച്ചിക്കൽ - മീൻമുട്ടിക്കൽ റോഡ് ഇന്റർലോക്ക്	വി ആർ വിജു	75462	9055	16775/ 27.1.22
24	വല്ലന ലക്ഷംവീട് കോളനി റോഡ് മെയിന്റനൻസ്	സലിം എച്ച്	154279	18513	10712/ 29.3.22
25	നെല്ലുവേലിൽപടി ഒരുവീട്ടിൽപടി റോഡ് ഇന്റർലോക്ക്	അനിയൻകുഞ്ഞ്	168276	20193	74303/ 26.3.22
26	തട്ടാമണത്ത് കൊച്ചില്ലത്ത് റോഡ് ഇന്റർലോക്ക്	അനിയൻകുഞ്ഞ്	142128	17055	34457/ 24.3.22
27	നല്ലേവീട്ടിൽ-	സലിം എച്ച്	103843	12461	16759/

	പെരുമ്പട്ടേത്ത് റോഡ് ഇന്റർലോക്ക്				27.1.22
28	പർലയം ഇടവഴി ഇന്റർലോക്ക് പാകൽ	സലിം എച്ച്	103437	12412	98582/ 24.1.22
29	ചേറാടി തടത്തേൽപ്പടി റോഡ് കോൺക്രീറ്റിംഗ് S78/22	ഹരിലാൽ എസ്	70564	8468	18684/ 14.2.22
30	മുക്കറ്റിപ്പന്ന അഞ്ചുമുറി റോഡ് ഇന്റർലോക്ക്	സലിം എച്ച്	101544	12185	98591/ 24.1.22
31	ഓഫീസ് പടി സ്റ്റാഫ് കോളനി റോഡ് ഇന്റർലോക്ക്	അനിയൻകുഞ്ഞ്	180367	21644	18694/ 14.2.22
32	ഇല്ലത്ത് പടി തൊമ്മിയിൽപ്പടി റോഡ് ഇന്റർലോക്ക്	അനിയൻകുഞ്ഞ്	136132	16334	42288/ 4.3.22
33	ഉണ്ടത്തിൽ- ചരുവിൽ കോളനി റോഡ്	ഹരിലാൽ എസ്	130101	15612	34472/ 24.3.22
34	അമ്പഴത്ത് മൂട്ടിൽ പീടികപ്പാറ റോഡ് സൈഡ് കെട്ട്, ഇന്റർലോക്ക്	അനിയൻകുഞ്ഞ്	74645	8957	10662/ 29.3.22
35	ശങ്കരത്തിൽ പടി - ഓലിക്കൽപടി റോഡ് ഇന്റർലോക്ക്	അനിയൻകുഞ്ഞ്	121305	14556	42283/ 4.3.22
36	ചേറാടി തടത്തേൽപ്പടി റോഡ് കോൺക്രീറ്റിംഗ് S163/22	ഹരിലാൽ എസ്	123838	14860	78674/ 15.3.22
37	കൃഷിഭവൻ മെയിന്റനൻസ്	പ്രതുസൂദനൻപിള്ള	113070	13568	16989/ 27.1.22

മേൽസൂചിപ്പിച്ച പ്രവൃത്തികളുടെ ജി.എസ്.റ്റി കരാറുകാർ ഒടുക്കിയതിന്റെ രേഖകൾ ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് 24.11.2022 ൽ 11-ാം നമ്പരായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി, രേഖകൾ ഉടനെ ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചു. കരാറുകാർ ജി.എസ്.റ്റി ഒടുക്കിയതിന്റെ രേഖകൾ ഹാജരാക്കേണ്ടതാണ്.

1-16 റ്റേക്ക്-എ-ബ്രേക്ക് - നിർമ്മിച്ച ടോയ്ലറ്റ് കെട്ടിടം ഉപയോഗപ്പെടുത്തുന്നില്ല

മുൻവർഷം റ്റേക്ക്-എ-ബ്രേക്ക് പദ്ധതിയിൽപ്പെടുത്തി ശുചിത്വമിഷൻ ഫണ്ട് വിനിയോഗിച്ച് പഞ്ചായത്ത് ഓഫീസിനോട് ചേർന്ന് നിർമ്മിച്ച ടോയ്ലറ്റ് കെട്ടിടത്തിന്റെ അനുബന്ധ സൗകര്യങ്ങൾക്കായി 2020-21 ൽ പദ്ധതി അംഗീകാരം വാങ്ങിയിരുന്നു. 6.11.2020 ലെ ടെണ്ടറിൽ 15.5 % കുറവ് ക്വോട്ട് ചെയ്ത കുമാർ.റ്റി എന്ന കരാറുകാരന്റെ ടെണ്ടർ അംഗീകരിച്ചു. സ്പിൽ ഓവറായി പദ്ധതി (S113/22) പ്രകാരം സിമന്റ് പ്ലാസ്റ്ററിംഗ്, കതക്, ജനൽ, സീലിംഗ്, തറ ടൈൽ പാകൽ, പ്ലമ്പിംഗ് എന്നീ ഇനങ്ങൾ ചെയ്ത് 6.3.22 ൽ പൂർത്തീകരിച്ച പ്രവൃത്തിയുടെ ആകെ മൂല്യം 178574 ആണ്.

വിശ്രമകേന്ദ്രം നിർമ്മിച്ച് അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തിയെങ്കിലും നാളിതുവരെ ആയതിന്റെ നടത്തിപ്പിന് സംവിധാനം ഏർപ്പെടുത്തുകയോ പൊതുജനങ്ങൾക്കായി തുറന്ന് കൊടുക്കുകയോ ചെയ്തിട്ടില്ല. മലയാലപ്പുഴ ദേവീക്ഷേത്രത്തിലേക്കുള്ള തീർത്ഥാടകർക്കുൾപ്പെടെ പൊതുജനങ്ങൾക്ക് ഏറ്റവും ഉപകാരപ്രദമാകുന്ന വിശ്രമകേന്ദ്രം ഉപയോഗപ്പെടുത്തുന്നതിന് സംവിധാനം ഏർപ്പെടുത്താത്തത് അഭിലഷണീയമല്ല. അപാകത്തിന്മേൽ പരിഹാര നടപടിക്കായി ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

1-17 ബഡ്സ് സ്കൂളിനായി സ്ഥലം വാങ്ങി - കെട്ടിടം നിർമ്മിച്ചില്ല

ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററിന് കെട്ടിടം നിർമ്മിക്കുന്നതിനായി 2018-19 ലെ പദ്ധതിയിൽപ്പെടുത്തി

കോഴിക്കുന്നം വാർഡിൽ (വാർഡ് 14) ചേറാടി ഭാഗത്ത് റീസർവ്വേ നമ്പർ 73/5 ൽപ്പെട്ട8 ആർ 9 ച.മീറ്റർ സ്ഥലം സ്വകാര്യ വ്യക്തിയിൽ നിന്ന് വാങ്ങിയിരുന്നു. ടി സ്ഥലത്തിന് ചുറ്റുമതിൽ കെട്ടുന്നതിന് അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി പദ്ധതി ആവിഷ്കരിച്ചു. സമീപത്തുള്ള സ്വകാര്യ ഭൂമിയുടെ ഉടമസ്ഥനമായുള്ള അതിർത്തിത്തർക്കത്തെത്തുടർന്ന് പദ്ധതി ചെയ്യാൻ കഴിഞ്ഞില്ല എന്ന് 24.11.22 ൽ 12-ാം നമ്പരായി നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭിച്ചു.

നിലവിലുള്ള ബഡ്സ് സ്കൂൾ കാഞ്ഞിരപ്പാറ- ഇലക്കുളം ഭാഗത്ത് സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. ബഡ്സ് സ്കൂളിലേക്കുള്ള റോഡ് പൊട്ടിപ്പൊളിഞ്ഞ നിലയിലാണ്. പരിമിതമായ സ്ഥലസൌകര്യം മാത്രമേ കെട്ടിടത്തിനുള്ളൂ. കെട്ടിടത്തിന് ചുറ്റുമതിൽ, കുടിവെള്ള പൈപ്പ് ലൈൻ കണക്ഷൻ എന്നിവ ഇല്ല. കുട്ടികൾക്കാവശ്യമായ ഫർണിച്ചർ, ഡൈനിംഗ് ടേബിൾ, വാഷ്ബേസിൻ, രണ്ട് വശത്തും കമ്പി കൊണ്ട് സുരക്ഷ ഉറപ്പാക്കിയ കട്ടിൽ, സെറിബ്രൽ പാൾസി ഉള്ള കുട്ടികൾക്ക് വീൽചെയർ, ബെൽറ്റുള്ള കസേര എന്നിവയുടെ അഭാവം സ്ഥാപനത്തിന്റെ നടത്തിപ്പിനെ പ്രതികൂലമായി ബാധിക്കുന്നു. ഇക്കാരണങ്ങൾ കൊണ്ട് ശരാശരി 10 കുട്ടികൾ മാത്രമാണ് പഠനത്തിന് എത്തുന്നത്. 18 വയസ്സിന് മുകളിൽ ഉള്ള ഭിന്നശേഷിക്കാരായ ധാരാളം ആളുകൾ പഞ്ചായത്തിൽ ഉള്ളതായും അതിനാൽ ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ പ്രവർത്തിപ്പിക്കേണ്ടത് ആവശ്യമാണെന്നും 2.8.21 ലെ 8(1) നമ്പർ ആയി പഞ്ചായത്ത് കമ്മിറ്റിയുടെ തീരുമാനത്തിൽ വ്യക്തമാക്കിയിട്ടുണ്ട്.

നിലവിലുള്ള ബഡ്സ് സ്കൂളിന് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ പൂർണ്ണമായും ഒരുക്കുന്നതിന് ഭരണതലത്തിൽ അടിയന്തിര നടപടി സ്വീകരിക്കുന്നതിന് ശുപാർശ ചെയ്യുന്നു. ചേറാടിയിൽ ബഡ്സ് സ്കൂളിനായി വാങ്ങിയ സ്ഥലം റവന്യൂ അധികാരികൾ മുഖേന അളന്ന് അതിർത്തി നിർണ്ണയിക്കുന്നതിനും നിർദ്ദിഷ്ട കെട്ടിട നിർമ്മാണത്തിന് പദ്ധതി ഏറ്റെടുത്ത് ബഡ്സ് റീഹാബിലിറ്റേഷൻ സെന്റർ യാഥാർത്ഥ്യമാക്കുന്നതിനും ഭരണതല നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-18 പുതുക്കുളം കാഞ്ഞിരപ്പാറ റോഡിൽ പുതിയ പൈപ്പ് ലൈൻ സ്ഥാപിക്കൽ - പദ്ധതി നടപ്പിലായില്ല

പുതുക്കുളം കാഞ്ഞിരപ്പാറ റോഡിൽ പുതിയ പൈപ്പ് ലൈൻ സ്ഥാപിക്കൽ എന്ന പദ്ധതിയുമായി ബന്ധപ്പെട്ട് നാല് പ്രോജക്ടുകളിലായിട്ടാണ് 5346864 രൂപ ഗ്രാമപഞ്ചായത്ത് സെക്രട്ടറി പത്തനംതിട്ട വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിൽ നിക്ഷേപിച്ചത്. എന്നാൽ ലക്ഷങ്ങൾ ഡെപ്പോസിറ്റ് ചെയ്തിട്ടും പദ്ധതി നടപ്പിലായില്ല. തുക അടവാക്കിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

പ്രൊജക്ട് നമ്പർ / പ്രൊജക്ടിന്റെ പേര്	അടങ്കൽ തുക, ഫണ്ടിനം	ചെലവഴിച്ച തുക	ബിൽ നമ്പർ,
പുതുക്കുളം കാഞ്ഞിരപ്പാറ റോഡിൽ പുതിയ പൈപ്പ് ലൈൻ സ്ഥാപിക്കൽ- ഒന്നാം ഘട്ടം (121/22)	2525400 (സി.എഫ്.സി)	1949260	Account Transfer On 10-03-2022
രണ്ടാം ഘട്ടം (148/22)	1026392 (സി.എഫ്.സി)	1026392	50,51 Dtd 27-03-2022
മൂന്നാം ഘട്ടം (180/22)	1446212 (സി.എഫ്.സി)	1446212	52,53,54 Dtd 27-03-2022
നാലാം ഘട്ടം (186/22)	925000 (വികസന ഫണ്ട്)	925000	55 Dtd 27-03-2022
	ആകെ	5346864	

പദ്ധതി നിർവ്വഹണത്തിനായി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും പത്തനംതിട്ട വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയറും എഗ്രിമെന്റ് നമ്പർ- എ1-15147/21 തീയതി 25-03-2022 പ്രകാരം കരാറിൽ ഏർപ്പെട്ടിരുന്നു. പദ്ധതിയുടെ ആകെ എസ്റ്റിമേറ്റ് തുക 5645000 രൂപയുടെ ബാക്കി തുകയായ 298136 രൂപ 2022 സെപ്റ്റംബർ 30 – ന് മുൻപായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി അടവാക്കേണ്ടതായിരുന്നു. ഗ്രാമപഞ്ചായത്തിൽ ജലജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ പ്രവൃത്തികൾ നടന്നുവരുന്ന സാഹചര്യത്തിൽ പ്രസ്തുത പ്രവൃത്തി ടെണ്ടർ ചെയ്യപ്പെട്ടില്ല എന്നാണ് ഓഡിറ്റ് എൻക്വയറിക്ക് (നം-2/18-11-2022) ലഭ്യമാക്കിയ മറുപടിയിൽ വ്യക്തമാക്കിയിട്ടുള്ളത്

പ്രസ്തുത സാഹചര്യത്തിൽ ഭരണസമിതിയുടെ 06-10-2022- ലെ 1-ാം നമ്പർ തീരുമാന പ്രകാരം ടി പ്രോജക്ട് നടപ്പിലാക്കാഞ്ഞതിനാൽ അടവാക്കിയ തുക തിരികെ വാങ്ങുന്നതിനും ആയത് ജലജീവൻ മിഷൻ പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുന്നതിനും തീരുമാനമെടുത്തിരുന്നു. ആ തുക തിരികെ ലഭിക്കുന്നതിന് വാട്ടർ അതോറിറ്റിക്ക് കത്ത് നൽകിയിരുന്നു. എന്നാൽ തുക തിരികെ ലഭിച്ചിട്ടില്ല.

ജലജീവൻ മിഷൻ പദ്ധതിയുടെ ഭാഗമായി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ പ്രവൃത്തികൾ നടന്നുവരുന്ന സാഹചര്യത്തിൽ സമാന്തരമായി ഒരു വലിയ തുക പുതിയ പ്രോജക്റ്റിനായി ഗ്രാമപഞ്ചായത്ത് ഡെപ്പോസിറ്റ് ചെയ്ത നടപടി ഒഴിവാക്കാമിരുന്നു. വികസന ഫണ്ട്, സി.എഫ്.സി ഗ്രാന്റ് എന്നിവ പ്രകാരം അടവാക്കിയ തുക മറ്റ് പ്രോജക്ടുകൾക്കായി ഗ്രാമപഞ്ചായത്തിന് വിനിയോഗിക്കാൻ കഴിയുമായിരുന്നു. തുക തിരികെ ലഭ്യമാകുന്ന സാഹചര്യത്തിൽ ആയത് സർക്കാർ നിർദ്ദേശങ്ങൾക്ക് വിധേയമായി വിനിയോഗിക്കപ്പെടേണ്ടതാണ്.

1-19 പൊതുശ്മശാനം, മാലിന്യപരിപാലനം - തുടർനടപടികൾ അനിവാര്യം

ഏഴിനപരിപാടിയിൽ ഉൾപ്പെടുത്തി 1981 ൽ 165/1-1-126, 165/1-77-1-2 ൽ ഉൾപ്പെട്ട 50 സെന്റ് സ്ഥലം പൊതുശ്മശാനം സ്ഥാപിക്കുന്നതിനായി വാങ്ങിയിരുന്നു. എന്നാൽ ടി സ്ഥലത്തേക്കുള്ള റോഡ് ഗതാഗതയോഗ്യമാക്കുന്നതിന് ഇതേവരെ നടപടികൾ ഉണ്ടായിട്ടില്ല. ആധുനിക ഗ്യാസ് ക്രിമിറ്റോറിയം സ്ഥാപിച്ച് ടി സ്ഥലത്ത് പൊതുശ്മശാനം യാഥാർത്ഥ്യമാക്കുന്നതിനും നടപടികളില്ല.

ഹരിതകർമ്മസേന മുഖേന ശേഖരിക്കപ്പെടുന്ന ഖരമാലിന്യം ക്ലീൻ കേരളാ കമ്പനിയ്ക്ക് കൈമാറുന്നതിനായി സൂക്ഷിക്കുന്നതിന് നിലവിൽ ഗ്രാമപ്പഞ്ചായത്ത് ഓഫീസിനോട് ചേർന്ന് ഉള്ള എം.സി.എഫിന് സ്ഥലസൗകര്യം പരിമിതമാണ് എന്ന് ടി വിഷയം സംബന്ധിച്ച് 24.11.22 ൽ 14 -ാം നമ്പരായി നൽകിയ ഓഡിറ്റ് അന്വേഷമത്തിന് മറുപടി ലഭിച്ചു. ഈ ആവശ്യത്തിന് പുതിയ കെട്ടിടം പണിയേണ്ടതുണ്ട് എന്ന് എക്സിറ്റ് മീറ്റിംഗിൽ വിശദീകരിക്കപ്പെട്ടു.

ഈ വിഷയങ്ങളിലേക്ക് ഭരണതലനടപടികൾക്കായി ശ്രദ്ധ ക്ഷണിക്കുന്നു.

1-20 വാട്ടർ അതോറിറ്റിയിൽ നിന്നും മടക്കി നൽകിയ തുക തനത് ഫണ്ടിൽ സൂക്ഷിക്കുന്നു

വിവിധ പദ്ധതികളുടെ ഭാഗമായി വാട്ടർ അതോറിറ്റിയിൽ തുക ഡെപ്പോസിറ്റ് ചെയ്ത പദ്ധതികൾ പൂർത്തീകരിച്ച ശേഷം അവശേഷിച്ച തുക ടി സ്ഥാപനത്തിൽ നിന്നും തിരികെ ലഭിച്ചിട്ടുണ്ട്. കൂടാതെ 2020-21 ൽ പ്രവൃത്തിയ്ക്കായി 96000 രൂപ നിക്ഷേപിച്ചെങ്കിലും പദ്ധതി ഉപേക്ഷിച്ചതിനാൽ ടി തുകയും തിരികെ ലഭ്യമാക്കി. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

ക്രമ.നം.	പദ്ധതിയുടെ പേര്	നിക്ഷേപിച്ച വർഷം/ തുക	തിരികെ ലഭിച്ച തുക/ തീയതി
1	പൈപ്പ് ലൈൻ എക്സ്റ്റൻഷൻ	2018-19 144295/	33806/- 1/1/2022
2	പൈപ്പ് ലൈൻ എക്സ്റ്റൻഷൻ	2018-19 191124/-	36770/- 1/1/2022
3	പൈപ്പ് ലൈൻ എക്സ്റ്റൻഷൻ	2014-15 157236/	16/3/2022 43541
4	പൈപ്പ് ലൈൻ എക്സ്റ്റൻഷൻ	2020-21 96000/-	96000/- 26/4/2022
5	സ്ട്രീറ്റ് ടാപ്പ് ഡിസ്കണക്ഷൻ	2020-21 252100/-	50376/- 24/5/2022
6	പൈപ്പ് ലൈൻ എക്സ്റ്റൻഷൻ	2016-17 382000/-	51426/- 2/6/2022
7	പൈപ്പ് ലൈൻ എക്സ്റ്റൻഷൻ	2016-17 172000/-	20892/- 2/6/2022
8	പൈപ്പ് ലൈൻ എക്സ്റ്റൻഷൻ	2017-18 137000/-	10684/- 2/6/2022
9	പൈപ്പ് ലൈൻ എക്സ്റ്റൻഷൻ	2017-18 200000/-	16360/ 2/6/2022
10	പൈപ്പ് ലൈൻ എക്സ്റ്റൻഷൻ	2018-19 390026	21629/- 2/6/2022

	ആകെ		381484/-

മേൽ സൂചിപ്പിച്ച തുക തനത് ഫണ്ടിൽ സൂക്ഷിച്ച് വരുന്നത് ക്രമപ്രകാരമല്ല. ടി തുക സഞ്ചിത നിധിയിലേക്ക് ഒടുക്കുവരുത്തുകയോ അല്ലാത്ത പക്ഷം മറ്റ് പ്രോജക്ടുകൾക്ക് വേണ്ടി വിനിയോഗിക്കുകയോ ചെയ്യേണ്ടതാണ്. ഈ വിഷയത്തിൽ പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധ ഉണ്ടാകേണ്ടതാണ് .

1-21 അഗതിരഹിത കേരളം പദ്ധതി- ലക്ഷ്യം കൈവരിച്ചില്ല

നിലവിൽ ആശ്രയ പദ്ധതിയിൽ ഉൾപ്പെട്ടവരും എന്നാൽ സേവനത്തിന് തുടർന്നും അർഹരായവരെ കണ്ടെത്തി ഒരു ഏകീകൃത പദ്ധതി എന്ന നിലയിലാണ് അഗതിരഹിത കേരളം പദ്ധതി ആവിഷ്കരിക്കപ്പെട്ടത്. 2013-ലെ ആശ്രയ രണ്ടാം ഘട്ട പദ്ധതിയുടെ തുടർച്ചയായി അർഹരായ കൂടുതൽ അംഗങ്ങളെ ഉൾപ്പെടുത്തിയാണ് ആശ്രയ പദ്ധതി അഗതിരഹിത കേരളം പദ്ധതിയായി രൂപാന്തരപ്പെട്ടത്.

ഗ്രാമപഞ്ചായത്തിലെ അഗതി രഹിത കേരളം പദ്ധതിയിൽ 100 അംഗങ്ങളാണുണ്ടായിരുന്നത്. നിലവിൽ 92 അംഗങ്ങളാണുള്ളത്. 2018-19 മുതൽ 2021-22 വരെയായിരുന്ന പദ്ധതി കാലയളവ്. ആകെ 9465500 രൂപയായിരുന്ന പദ്ധതി അടങ്കൽ. (ചലഞ്ച് ഫണ്ട്- 2964500 രൂപ, വികസന ഫണ്ട്- 6501000 രൂപ).

സേവനങ്ങളുടെ ആവശ്യകത ചുവടെ പറയും പ്രകാരമാണ്.

ആവശ്യമായ സേവനങ്ങൾ	ഗുണഭോക്താക്കളുടെ എണ്ണം
ഭക്ഷണം	100
ചികിൽസ	100
വിദ്യാഭ്യാസം	15
വീട്	11
വീട് പനരുദ്ധാരണം	16
ഭൂമി	3

2018-19 മുതൽ 2021-22 വരെയുള്ള കാലയളവിൽ പ്രോജക്ടിന് ലഭിച്ച തുക ചുവടെ പറയും പ്രകാരമാണ്

ക്രമ നം	ഫണ്ടിനം	മുൻ നീക്കിയിരിപ്പ്	2018-19	2019-20	2020-21	2021-22	ആകെ
1	ചലഞ്ച് ഫണ്ട്	252348		735818	988167	0	1976333
2	വികസനഫണ്ട്	1690909	50000	250000	350000	400000	2740909
3	ബാങ്ക് പലിശ		51765	60236	31325	42011	185337
	ആകെ	1943257	101765	1046054	1369492	442011	4902579

പദ്ധതി പ്രവർത്തനങ്ങൾക്കായി 2018-19 മുതൽ 2021-22 വരെയുള്ള കാലയളവിൽ ചലഞ്ച് ഫണ്ട്, വികസന ഫണ്ട്, ബാങ്ക് പലിശ എന്നീ ഇനങ്ങളിൽ ലഭ്യമായത് 4902579 രൂപ മാത്രമാണ്. ഇതിൽ 1943257 രൂപ മുൻ ബാക്കിയായി ലഭിച്ച തുകയാണ്.

പദ്ധതി കാലയളവിൽ ചെലവഴിക്കപ്പെട്ട തുകയുടെ വിശദാംശങ്ങൾ ചുവടെ പറയും പ്രകാരമാണ്.

സേവന വിവരം	ചലഞ്ച് ഫണ്ട്	വികസനഫണ്ട്	പലിശ	ആകെ
ഭക്ഷണം	1969174	94462		2063636
ചികിൽസ	3909			3909
വീട് നിർമ്മാണം		400000		400000
വീട് പുനരുദ്ധാരണം		1000000		1000000
മെഡിക്കൽ ക്യാമ്പ്		4500		4500

ആർ.പി ഹോണറേറിയം	3250			3250
മറ്റിനങ്ങൾ			19310	19310
ആകെ	1976333	1498962	19310	3494605

പദ്ധതി പ്രകാരം നടക്കുന്ന ഏക കാര്യക്ഷമമായ പ്രവർത്തനം അഗതികൾക്ക് ഭക്ഷണവിതരണം നടത്തുന്നതാണ്. ഭക്ഷണവിതരണത്തിന് ചലഞ്ച് ഫണ്ടാണ് വിനിയോഗിക്കേണ്ടിയിരുന്നതെങ്കിലും 2021-22 സാമ്പത്തികവർഷം വികസന ഫണ്ടാണ് വിനിയോഗിക്കപ്പെട്ടത്. 11 ഗുണഭോക്താക്കൾക്ക് വീട് ആവശ്യമായിരുന്നെങ്കിലും 4 പേർക്ക് മാത്രമാണ് നൽകിയത്. ഇതിൽ മൂന്ന് പേർക്കും ലൈഫ് ഭവനപദ്ധതിയിൽ ഉൾപ്പെടുത്തിയാണ് നൽകിയത്. 16 ഗുണഭോക്താക്കൾക്ക് വീട് പുനരുദ്ധാരണം ആവശ്യമായിരുന്നെങ്കിലും 10 പേർക്ക് മാത്രമാണ് തുക നൽകിയത്. മൂന്ന് പേർക്ക് സ്വന്തമായി ഭൂമി ഇല്ലായിരുന്നെങ്കിലും ആയത് വാങ്ങി നൽകിയില്ല.ചികിൽസാ സഹായം ലഭ്യമാക്കിയത് വളരെ പരിമിതമാണ്. വിദ്യാഭ്യസ സഹായം ഗുണഭോക്താക്കൾക്ക് ആവശ്യമായിരുന്നെങ്കിലും ആർക്കും നൽകിയില്ല. വകയിരുത്തിയ ഫണ്ട് പൂർണ്ണമായും ലഭ്യമായില്ലെങ്കിലും ലഭിച്ച ഫണ്ട് ചെലവഴിക്കപ്പെട്ടിട്ടില്ല എന്നുള്ളത് വളരെ ഗൗരവതരമായ വിഷയമാണ്. സഹായത്തിന് അർഹരായ ഗുണഭോക്താക്കൾ ഉണ്ടായിരുന്നെങ്കിലും ആയത് ഉറപ്പുവരുത്തുന്നതിന് കുടുംബശ്രീക്ക് സാധിച്ചില്ല.

പതിനഞ്ച് ലക്ഷം രൂപയോളം കടുംബശ്രീ അക്കൗണ്ടിൽ അവശേഷിക്കുന്നുണ്ട്. ചലഞ്ച് ഫണ്ട് മുഴുവനായും വിനിയോഗിക്കപ്പെട്ടുവെങ്കിലും വികസന ഫണ്ട് ചെലവ് വളരെ കുറവാണ്. പദ്ധതിക്കായി വികസനഫണ്ടിനത്തിൽ ലഭ്യമായ 2740909 രൂപയിൽ (മുന്നിരിപ്പ് ഉൾപ്പെടെ) 1498962 രൂപ മാത്രമാണ് ചെലവഴിക്കപ്പെട്ടത്. വികസന ഫണ്ട് വിനിയോഗിച്ച് നൽകാൻ കഴിയുമായിരുന്ന ഭൂമി, വീട് , വീട് മെയിന്റനൻസ് എന്നിവ ഗുണഭോക്താക്കൾക്ക് അനുവദിക്കപ്പെടാതിരുന്നത് മൂലമാണ് ഇപ്രകാരം സംഭവിച്ചത്. സർക്കാർ ഫണ്ട് ചെലവഴിക്കപ്പെടാതെ കുടുംബശ്രീ അക്കൗണ്ടിൽ അവശേഷിക്കുന്ന വിഷയം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. പദ്ധതി തുടർന്നുവരുന്ന സാഹചര്യത്തിൽ ഗുണഭോക്താക്കൾക്ക് അർഹമായ സഹായങ്ങൾ ഉറപ്പുവരുത്തുന്നതിനും പദ്ധതിപ്പണം ചെലവഴിക്കുന്നതിനും കുടുംബശ്രീയുടെയും നിർവ്വഹണ ഉദ്യോഗസ്ഥന്റെയും ഭരണസമിതിയുടെയും ഭാഗത്തുനിന്നും അനുഭാവപൂർണ്ണമായ ഇടപെടലുകൾ ഉണ്ടാകേണ്ടതും നിർവ്വഹണ പുരോഗതി ഓഡിറ്റിന് ലഭ്യമാക്കേണ്ടതുമാണ്.

1-22 മരുന്ന് പൂർണ്ണമായും ലഭ്യമാക്കിയില്ല.

മെഡിക്കൽ ഓഫീസർ (അലോപ്പതി) നിർവ്വഹണ ഉദ്യോഗസ്ഥനായി 2021-22 സാമ്പത്തിക വർഷം മരുന്നുകൾ വാങ്ങുന്നതിന് KMSCL, ദി കേരള സ്റ്റേറ്റ് ഹോമിയോപ്പതിക്ക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ് (അക്കൗണ്ട് നമ്പർ 34306403911) എന്നീ ഏജൻസികൾക്ക് തുക കൈമാറിയതിൽ 819855/-രൂപയുടെ മരുന്ന് ലഭ്യമാക്കാൻ അവശേഷിക്കുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥൻ	പദ്ധതിയുടെ പേര്/ നമ്പർ	അടച്ച തുക	ബിൽ നം, തീയതി	ലഭ്യമാക്കിയ മരുന്നിന്റെ വില	ലഭ്യമാക്കാനുള്ള മരുന്നിന്റെ വില
മെഡിക്കൽ ഓഫീസർ (അലോപ്പതി)	ഹോമിയോ ഡിസ്പെൻസറിക്ക് മരുന്ന വാങ്ങൽ, പ്രൊജക്ട് നം. S0019/22	99997	10/22, 18-11-21	0	99997
മെഡിക്കൽ ഓഫീസർ (അലോപ്പതി)	പി.എച്ച്.സി ക്ക് ആവശ്യമായ മരുന്നവാങ്ങൽ, 20/22	500000	08/30-10-21	0	500000
	പാലിയേറ്റീവ് കെയർ പദ്ധതിക്ക് മരുന്ന വാങ്ങൽ 22/22	295000	563/20-04-2ലഭ്യമാക്കിയ മരുന്നിന്റെ വില2	30468	219858
			3000/27-05-22	14940	
			5838/08-07-22	13884	
			13616/12-10-22	15850	
			ആകെ	75142	819855

അവശേഷിക്കുന്ന തുകക്കുള്ള മരുന്ന് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-23 ലൈഫ് ഭവനപദ്ധതി- നിർമ്മാണം പൂർത്തീകരിച്ചില്ല

ലൈഫ് ഭവനപദ്ധതി (ജനറൽ & എസ്.സി) സംബന്ധമായ ഫയലുകളും രജിസ്റ്ററുകളും പരിശോധിച്ചതിൽ നിന്നും ജനറൽ & എസ്.സി വിഭാഗങ്ങളിലായി ചുവടെ പറയുന്ന ഗുണഭോക്താക്കൾ ഭവനനിർമ്മാണം പൂർത്തീകരിച്ചില്ല.

ക്രമ നം	ഗുണഭോക്താവിന്റെ പേരും വിലാസവും	വിഭാഗം	കരാർ തീയതി	നൽകിയ തുക
1	രാജേശ്വരി കുമ്പഴ എസ്റ്റേറ്റ്	എസ്.സി	10-02-2021	40000/-
2	ഭഗവതി ലാൽകുമാർ കുമ്പഴ എസ്റ്റേറ്റ്	എസ്.സി	15-02-2021	40000/-
3	പി.മീന കുമ്പഴ എസ്റ്റേറ്റ്	എസ്.സി	10-11-2021	40000/-
4	പ്രസന്ന കുമാരി കുമ്പനാട്ട് കിഴക്കേച്ചരുവിൽ പുതുക്കുളം	ജനറൽ	27-09-2018	300000/-
5	സന്ദനകുമാരി കുമ്പഴ എസ്റ്റേറ്റ് മലയാലപ്പുഴ	എസ്.സി	25-08-2020	200000/-
6	സുശീല കുമ്പഴ എസ്റ്റേറ്റ് മലയാലപ്പുഴ	എസ്.സി	25-08-2020	360000/-
7	ബിന്ദു.എസ് പുത്തൻപുരക്കൽർ പുതുക്കുളം	ജനറൽ	28-09-2020	200000/-

പ്രസ്തുത ഗുണഭോക്താക്കളുടെ ഭവനനിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (17/25-11-2022) നിർവ്വഹണ ഉദ്യോഗസ്ഥനായ വി.ഇ.ഒ ലഭ്യമാക്കിയ മറുപടിയിൽ ടി വിവരം ഭരണസമിതിയെ അറിയിക്കുകയും ഗുണഭോക്താക്കളെ പഞ്ചായത്തിൽ നിന്നും നോട്ടീസ് അയച്ച് വിളിപ്പിക്കുകയും നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്യുമെന്നാണ് അറിയിച്ചത്. ഭവനനിർമ്മാണം പൂർത്തീകരിച്ച് തുക പൂർണ്ണമായും നൽകുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

1-24 ടോയ്‌ലറ്റ് നിർമ്മാണം- പൂർത്തീകരിച്ചില്ല

വി.ഇ.ഒ നിർവ്വഹണ ഉദ്യോഗസ്ഥനായി ടോയ്‌ലറ്റ് റിട്രോഫിറ്റിംഗ് (പ്രോജക്ട് നം- 117/22) എന്ന പ്രോജക്ട് നടപ്പിലാക്കിയിരുന്നു. 459920 (ധനകാര്യ കമ്മീഷൻ ഗ്രാന്റ് & ശുചിത്വമിഷൻ ഗ്രാന്റ്) രൂപയായിരുന്നു പദ്ധതി ചെലവ്. നിർമ്മാണത്തിന് 5000 രൂപ അഡ്വാൻസായി നൽകുകയും ഓവർസിയറുടെ പൂർത്തീകരണ സാക്ഷ്യപത്രത്തിന്റെ അടിസ്ഥാനത്തിൽ ബാക്കി തുകയായ 4240 രൂപ കൂടി നൽകുകയും ചെയ്യുന്നു. എന്നാൽ ചെലവ് രേഖകൾ പരിശോധിച്ചതിൻ പ്രകാരം 5000 രൂപ വീതം കൈപ്പറ്റിയ ചുവടെ പറയുന്ന ഗുണഭോക്താക്കൾ നിർമ്മാണം പൂർത്തീകരിച്ച് അവസാനഗഡു തുക കൈപ്പറ്റിയില്ല.

ക്രമ നം	തുക കൈപ്പറ്റിയ ആളുടെ പേരും വിലാസവും
1	സുഭാഷ്.സികെ, ചെറിയത്ത് കിഴക്കേതിൽ, ഏറം.പി.ഒ
2	ആമിന, മയുവള്ളിക്കര വീട്,ചെങ്ങറ.പി.ഒ
3	രതമ്മ.കെ, രഞ്ജിത് ഭവനം, മലയാലപ്പുഴ
4	വർഗ്ഗീസ് ചാക്കോ, മാലേത്ത് വീട്, വടക്കുപുറം.പി.ഒ
5	രമ രാമസ്വാമി, പേഴുംമൂട്ടിൽ മേലേതിൽ, ഏറം.പി.ഒ
6	തങ്കമ്മ, ചെമ്പിക്കര, മലയാലപ്പുഴ
7	സുരേന്ദ്രൻ, തടത്തിൽ, ചീങ്കൽത്തടം

8	ഭാർഗ്ഗവി, കല്ലമേൽതറയിൽ, താഴം.പി.ഒ
9	ശ്യമളാകുമാരി.സി.ആർ, ചരുവിൽ കിഴക്കേതിൽ, മലയാലപ്പുഴ
10	രജനി, കണ്ടത്തുംവാളിൽ, മലയാലപ്പുഴ
11	രാധാമണി മോഹനൻ, പരുത്യാനിക്കൽ തെക്കേതിൽ, വടക്കുപുറം
12	രാജമ്മാൾ, തലപ്പനാക്കുഴിയിൽ, മലയ
13	രാധാമണി, ദേവി വിലാസം, ഏറം.പി.ഒ
14	ബിജു.എസ്, മംഗലത്ത് വീട്, താഴം.പി.ഒ
15	മണി.കെ, വാഴവിളയിൽ, വെട്ടൂർ
16	ചന്ദ്രമതിയമ്മ, വിനീതാ ഭവനം, താഴം.പി.ഒ
17	ദിവാകരൻ, പാലേൽ, വെട്ടൂർ
18	മോളി.റ്റി.രാജു, തെക്കേപുരയിടത്തിൽ, ചീങ്കൽത്തടം
19	രമേശ്, ഐക്കുഴ വീട്, കുമ്പളാംപൊയ്ക
20	വിജയൻ, മോളൂത്തറയിൽ, ചീങ്കൽത്തടം
21	രാധികാ മുരുകൻ, കിഴക്കേവിളയിൽ, താഴം.പി.ഒ
22	മോഹനൻ, പടിഞ്ഞാറെ പുരക്കൽ, താഴം
23	ശ്യമള, തെക്കേപറമ്പിൽ, താഴം
24	റ്റി.എം.ബാബു, തലയ്ക്കാവിൽ, ചീങ്കൽത്തടം
25	മല്ലിക, രാജി ഭവനം, താഴം
26	പൊന്നമ്മ, പാലാംകുഴിയിൽ, ചീങ്കൽത്തടം
27	രമണിയമ്മ, തെക്കുംകര പുത്തൻവീട്, താഴം.പി.ഒ
28	സുഭാഷ്.പി, പള്ളിക്കൽ, താഴം

ഗുണഭോക്താക്കൾ നിലവിൽ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെങ്കിൽ ആയത് സംബന്ധിച്ച വിശദീകരണം ലഭ്യമാക്കണമെന്ന് കാണിച്ച് ഓഡിറ്റ് എൻക്വയറി (നം-18/25-11-2022) നൽകിയിരുന്നു. ലഭ്യമാക്കിയ മറുപടിയിൽ ടോയ് ലെറ്റ് നിർമ്മാണം പൂർത്തീകരിച്ച് 2022-23 സാമ്പത്തിക വർഷം തന്നെ അവശേഷിക്കുന്ന തുക നൽകുമെന്നാണ് അറിയിച്ചത്. നിർമ്മാണം പൂർത്തീകരിച്ച് തുക പൂർണ്ണമായും നൽകുന്നതിന് അടിയന്തരനടപടികൾ സ്വീകരിക്കേണ്ടതാണ്.

1-25 കാലാവധി കഴിഞ്ഞ ഡെപ്പോസിറ്റ് തുകകൾ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടിയില്ല

ഡെപ്പോസിറ്റ് രജിസ്റ്റർ പരിശോധനയിൽ 2013-14 മുതലുള്ള നിക്ഷേപ തുകകൾ റീഫണ്ട് ചെയ്യുകയോ തനത് ഫണ്ട് അക്കൗണ്ടിലേക്ക് മുതൽക്കൂട്ടുകയോ ചെയ്യാതെ അവശേഷിച്ചിരിക്കുന്നതായി ബോധ്യപ്പെട്ടിട്ടുണ്ട്. കേരള ഫിനാൻഷ്യൽ കോഡ് ആർട്ടിക്കിൾ 282(1), (6),2011-ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 79 എന്നിവ പ്രകാരം മൂന്ന് വർഷം കാലാവധി പൂർത്തിയായ ഡെപ്പോസിറ്റുകൾ സ്ഥാപനത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് മുതൽ കൂട്ടേണ്ടതാണ്. 2013-14 മുതൽ 2017-18 വരെയുള്ള കാലയളവിലെ 14 നിക്ഷേപങ്ങളിലായി ഇപ്രകാരം 69865 രൂപയാണ് തനത് ഫണ്ട് അക്കൗണ്ടിലേക്ക് റീഫണ്ട് ചെയ്യാതെ അവശേഷിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

വർഷം	എണ്ണം	തുക
2013-14	2	3750
2015-16	6	20000
2017-18	6	42115
ആകെ	14	65865

തദ്ദേശ സ്വയംഭരണ (എ.സി.) വകുപ്പിന്റെ 14.01.2020-ലെ എം.സി.1/125/2019-തസ്വഭവ നമ്പർ സർക്കുലർ അനുസരിച്ച് കാലഹരണപ്പെട്ട ഡെപ്പോസിറ്റുകൾ കാലാവധി 3 വർഷം തികയുമ്പോൾ സ്ഥാപനത്തിന്റെ തനത് ഫണ്ടിലേക്ക് മുതൽക്കൂട്ടേണ്ടതാണെന്നും പ്രസ്തുത വിഷയത്തിൽ ആവശ്യമായ നടപടികൾ തദ്ദേശ സ്വയംഭരണ സെക്രട്ടറിമാർ പാലിക്കേണ്ടതാണെന്നും വ്യക്തമാക്കിയിരുന്നു.

ഗ്രാമപഞ്ചായത്തിലെ ഡെപ്പോസിറ്റ് രജിസ്റ്റർ വാർഷിക സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. മൂന്ന്

വർഷം കാലാവധി പൂർത്തിയായ ഡെപ്പോസിറ്റുകൾ പൂർണ്ണമായി തനത്ഫണ്ടിലേക്ക് മുതൽക്കൂട്ടി ബാക്കി വർഷങ്ങളിലെ നിക്ഷേപ തുകകൾ 2022-23 വർഷത്തേക്ക് ക്യാരി ഓവർ ചെയ്യുന്നതിനുള്ള ഭരണസമിതി തീരുമാനത്തോടുകൂടി തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

1-26 പ്രോജക്ട് സമയബന്ധിതമായി നടപ്പിലാക്കിയില്ല- ഫണ്ട് ലാപ്സായി

കൃഷി ഓഫീസർ നിർവ്വഹണ ഉദ്യോഗസ്ഥയായി 2021-22 വർഷം വന്യമൃഗങ്ങളിൽ നിന്നും കൃഷി സംരക്ഷിക്കൽ (37/21) എന്ന പ്രോജക്ട് ആവിഷ്കരിച്ചിരുന്നു. വികസന ഫണ്ട് 100000 രൂപയും തനത് ഫണ്ടിൽ നിന്നും 200000 രൂപയും ബ്ലോക്ക് വിഹിതം 3 ലക്ഷം രൂപയും ജില്ലാ പഞ്ചായത്ത് വിഹിതം 400000 രൂപയും 1000000 രൂപ ഗുണഭോക്തൃ വിഹിതവും പ്രോജക്ടിനായി വകയിരുത്തിയിരുന്നു എങ്കിലും പ്രോജക്ട് നടപ്പിലാക്കിയിട്ടില്ല. 22.02.2022 ലെ 10(1) നം തീരുമാന പ്രകാരം ഗുണഭോക്താക്കളിൽ നിന്ന് അപേക്ഷ സ്വീകരിക്കുന്നതിന് പഞ്ചായത്ത് കമ്മിറ്റി തീരുമാനമെടുത്തിട്ടുള്ളതാണ്. ടി പദ്ധതി നടപ്പിലാക്കുന്നതിനായി 17.08.2019 ൽ ചെക്ക് നം.514658 പ്രകാരം 1000000 രൂപ ബ്ലോക്ക് വിഹിതമായി ലഭിച്ചിരുന്നു. ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച 10 ലക്ഷം രൂപ സംയുക്ത പദ്ധതികൾക്കായുള്ള ട്രഷറി അക്കൗണ്ടിലാണ് സൂക്ഷിച്ചത്. എന്നാൽ തൻവർഷം ടി അക്കൌണ്ടിൽ ട്രാൻസാക്ഷൻ നടക്കാഞ്ഞതിനാൽ ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച 1000000രൂപ 21.03.2022ൽ ചെക്ക് നം.69988 പ്രകാരം സർക്കാർ തിരിച്ചെടുത്തിട്ടുണ്ട്. പദ്ധതി സമയബന്ധിതമായി നടപ്പിലാക്കാൻ കഴിയാഞ്ഞതിനാൽ ബ്ലോക്ക് വിഹിതം പൂർണ്ണമായും നഷ്ടമായി. ഫണ്ട് ലാപ്സാക്കിയതിന് വിശദീകരണം ആരാഞ്ഞ് നല്കിയ ഓഡിറ്റ് എൻക്വയറിക്ക് (നം.12/24.11.2022), മാർച്ച് മാസത്തിലാണ് പ്രോജക്ടിന് അംഗീകാരം ലഭിച്ചതെന്നും ഗുണഭോക്തൃ ലിസ്റ്റ് സമയബന്ധിതമായി ലഭിച്ചില്ലെന്നും നിർവഹണ ഉദ്യോഗസ്ഥൻ മറുപടി ലഭ്യമാക്കി. 2022-23വർഷം 13 ലക്ഷം രൂപ അടങ്കലായി പ്രോജക്ട് ആവിഷ്കരിച്ച് അംഗീകാരം കിട്ടിയിട്ടുള്ളതാണെന്നും പദ്ധതി കൃത്യമായി നടപ്പിലാക്കുമെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. വരും വർഷങ്ങളിൽ ലഭ്യമായ ഫണ്ട് പൂർണ്ണമായും ചെലവഴിച്ച് പദ്ധതി സമയബന്ധിതമായി നടപ്പിലാക്കാൻ ശ്രമിക്കേണ്ടതാണ്.

1-27 ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ നൽകിയ തുക തിരികെ ഈടാക്കിയില്ല

ഗ്രാമപഞ്ചായത്തിന്റെ 2021-22 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യപത്രികയിലെ ഷെഡ്യൂൾ ബി- 18 പ്രകാരം ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ നൽകിയ തുകയിൽ 15000 രൂപ തിരികെ ഈടാക്കിയില്ല. ഗ്രാമപഞ്ചായത്തിലെ ഓഫീസ് അറ്റൻഡന്റ് ആയിരുന്ന മഞ്ജു കുഞ്ഞപ്പന് ഓണം അഡ്വാൻസ് ഇനത്തിൽ നൽകിയ തുകയാണിത്.

ടിയാൾ 2021 സെപ്റ്റംബറിൽ കലഞ്ഞൂർ ഗ്രാമപഞ്ചായത്തിലേക്ക് സ്ഥലം മാറി പോയിരുന്നു. സ്ഥലം മാറി പോയ ഉദ്യോഗസ്ഥയിൽ നിന്നും നൽകിയ തുക തിരികെ ഈടാക്കുന്നതിന് ഗ്രാമപഞ്ചായത്ത് യാതൊരുവിധ നടപടിയും സ്വീകരിച്ചില്ല. തുക നിലവിലും തിരികെ ലഭിക്കാത്ത സാഹചര്യത്തിൽ അപാകത ചൂണ്ടിക്കാട്ടി ഓഡിറ്റ് എൻക്വയറി (നം- 16/25-11-2022) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത സാഹചര്യത്തിൽ ഓണം അഡ്വാൻസ് ഇനത്തിൽ നൽകിയ 15000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

1-28 അങ്കണവാടികൾക്ക് അടിസ്ഥാന സൗകര്യം -അവലോകനം

ഗ്രാമപഞ്ചായത്ത് അതിർത്തിയിൽ പ്രവർത്തിക്കുന്ന അങ്കണവാടികളുടെ കെട്ടിടങ്ങളെ സംബന്ധിച്ച അവലോകനം ചുവടെ ചേർക്കുന്നു.

ഗ്രാമപഞ്ചായത്ത് അതിർത്തിയിൽ 25 അങ്കണവാടികളാണ് നിലവിൽ പ്രവർത്തിച്ചുവരുന്നത്. ഇവയിൽ 13 എണ്ണം സ്വന്തം കെട്ടിടത്തിലാണ് പ്രവർത്തിച്ചുവരുന്നത്. 7 എണ്ണം വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. ഒരു അങ്കണവാടിയ്ക്ക് സ്ഥലം ലഭ്യമായിട്ടും കെട്ടിടം പണിതിട്ടില്ല. എല്ലാ അങ്കണവാടികളിലും ടോയ്ലറ്റ് , ഗ്യാസ് കണക്ഷൻ എന്നിവയുണ്ട്. 8 അങ്കണവാടികളിൽ മാത്രമാണ് കുടിവെള്ളം ലഭ്യമായിട്ടുള്ളത്. ഒരു അങ്കണവാടിയിൽ വൈദ്യുതി ഇല്ല. എല്ലാ അങ്കണവാടികളിലും ആവശ്യത്തിന് ഫർണിച്ചറുകൾ, പാത്രങ്ങൾ, ടി.വി, ലാപ് ടോപ്, ഫാൻ എന്നിവയില്ല. 9 അങ്കണവാടികൾക്ക് മാത്രമാണ് ചുറ്റമതിലുള്ളത്. സ്വന്തമായി സ്ഥലവും കെട്ടിടവും ഇല്ലാത്തതിനാലും , ഫർണിച്ചറുകളുടെ അപര്യാപ്തത മൂലവും നല്ല രീതിയിലുള്ള പ്രവർത്തനം കാഴ്ചവയ്ക്കാൻ പറ്റുന്നില്ലെന്ന് അങ്കണവാടി സൂപ്പർവൈസർ അറിയിച്ചിട്ടുണ്ട്.

വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന അങ്കണവാടികൾക്ക് സ്ഥലം കണ്ടെത്തി കെട്ടിടം നിർമ്മിക്കുന്നതിനും ചുറ്റമതിലില്ലാത്ത കെട്ടിടങ്ങൾക്ക് ചുറ്റമതിൽ നിർമ്മിക്കുന്നതിനും, അടിസ്ഥാന സൗകര്യമില്ലാത്ത അങ്കണവാടികൾക്ക് സൗകര്യം ഒരുക്കുന്നതിനും ആവശ്യമായ ഫണ്ട് കണ്ടെത്തി പദ്ധതി നടപ്പിലാക്കുന്നതിനും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ ശ്രദ്ധയുണ്ടാകേണ്ടതാണ്

1-29 ബാലസഭ പ്രവർത്തനങ്ങൾ- നൽകിയ തുക പൂർണ്ണമായും ചെലവഴിച്ചില്ല

പ്രോജക്റ്റിന്റെ പേരും നമ്പരും	ബാലസഭാ പ്രവർത്തനങ്ങൾ
വകയിരുത്തിയ തുക	30000/- (വികസന ഫണ്ട്)
ചെലവ് തുക	30000/- ബിൽ നം- 10 Dtd 27-07-2021
നിർവ്വഹണ ഉദ്യോഗസ്ഥൻ	വി.ഇ.ഒ

ഗ്രാമപഞ്ചായത്തിലെ ബാലസഭയുടെ വിവിധ പ്രവർത്തനങ്ങൾക്കായി 30000 രൂപ സി.ഡി.എസ് അക്കൗണ്ടിലേക്ക് നൽകിയിരുന്നു. എന്നാൽ വിനിയോഗ രേഖകൾ പ്രകാരം 20386 രൂപയാണ് സി.ഡി.എസ് ചെലവഴിച്ചത്. 9614 രൂപ ചെലവഴിക്കപ്പെടാതെ സി.ഡി.എസ് അക്കൗണ്ടിൽ അവശേഷിക്കുന്നു. കുട്ടികൾക്കാവശ്യമായ ബോധവൽക്കരണ ക്ലാസ്സുകൾ, സെമിനാറുകൾ എന്നീ പ്രവർത്തനങ്ങൾക്കാണ് തുക ചെലവഴിച്ചത്. പ്രോജക്റ്റ് തയ്യാറാക്കുമ്പോൾ വകയിരുത്തുന്ന തുക എപ്രകാരം വിനിയോഗിക്കപ്പെടണമെന്നത് സംബന്ധിച്ചുള്ള ഒരു പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കിയില്ല. ഇപ്രകാരമുള്ള ഒരു പ്രോജക്റ്റ് റിപ്പോർട്ട് ഇല്ലാത്ത് സാഹചര്യത്തിലാണ് പദ്ധതിപ്പണം പൂർണ്ണമായും വിനിയോഗിക്കപ്പെടാതെ പോകുന്നത്. ആയതിനാൽ വ്യക്തമായ ഒരു പ്രോജക്റ്റ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമാകണം ഇത്തരം പ്രവർത്തനങ്ങൾക്ക് ഭരണസമിതി തുക വകയിരുത്തേണ്ടത്. സി.ഡി.എസ് അക്കൗണ്ടിൽ അവശേഷിക്കുന്ന തുക നടപ്പ് വർഷത്തെ പദ്ധതി പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുകയോ അല്ലാത്തപക്ഷം സർക്കാർ ഫണ്ടിലേക്ക് തിരികെ അടവാക്കുകയോ ചെയ്യേണ്ടതാണ്.

ഭാഗം -2

വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -3

ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

ഭാഗം -4

പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്ത പദ്ധതികൾ

ക്രമ നമ്പർ	ഫണ്ടിനം	പദ്ധതിയുടെ പേര്	ലഭിച്ച/ ചെലവഴിച്ച തുക
1	ബ്ലോക്ക് പഞ്ചായത്ത് ഫണ്ട്	ആശ്രയ പരിപാടി S4/22	200000
2		ലൈഫ് ഭവന പദ്ധതി മൂന്നാം ഘട്ടം S6/22	3806000
3		ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് S8/22	200000
4		അംഗൻവാടി അനുപൂരക പോഷകാഹാര പരിപാടി S10/22	150000
5		ലൈഫ് ഭവന പദ്ധതി മൂന്നാം ഘട്ടം S12/22	1645000
6		പാലിന് സബ്സിഡി S31/22	500000
7		കറവമാടുകളുടെ വേനൽക്കാല സംരക്ഷണം S32/22	200000
8		കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾ S115/22	100000
9		സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ S122/22	388334

10		ലൈഫ് ഭവനപദ്ധതി- പട്ടികവർഗ്ഗം S149/22	240000
ആകെ			7429334
1	ജില്ലാ പഞ്ചായത്ത് ഫണ്ട്	ലൈഫ് ഭവന പദ്ധതി മൂന്നാം ഘട്ടം S6/22	1080000
2		ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് S8/22	54100
3		അംഗൻവാടി അനുപൂരക പോഷകാഹാര പരിപാടി S10/22	200000
4		ലൈഫ് ഭവന പദ്ധതി മൂന്നാം ഘട്ടം S12/22	998183
5		പാലിയേറ്റിവ് കെയർ S22/22	500000
6		വിശപ്പ് രഹിത കേരളം S40/22	10000
7		കോവിഡ് പ്രതിരോധപ്രവർത്തനങ്ങൾ S115/22	6989
ആകെ			2849272

4-2 നിക്ഷേപ പ്രവൃത്തികൾ

നിർവ്വഹണ ഏജൻസി	പ്രവൃത്തിയുടെ പേര്	ബിൽ/വൌച്ചർ നം/ചെക്ക് നം./യു.റ്റി.ആർ നം.	മുൻകൂർ നൽകിയ തുക	ചെലവഴിച്ച തുക	ബാക്കി തുക
കേരള വാട്ടർ അതോറിറ്റി	പുതുക്കളം കാഞ്ഞിരപ്പാറ റോഡിൽ പുതിയ പൈപ്പ് ലൈൻ സ്ഥാപിക്കൽ- ഒന്നാം ഘട്ടം, 121/22	ഓൺലൈൻ ട്രാൻസ്ഫർ, 10.03.2022	1949260	0	1949260
കേരള വാട്ടർ അതോറിറ്റി	പുതുക്കളം കാഞ്ഞിരപ്പാറ റോഡിൽ പുതിയ പൈപ്പ് ലൈൻ സ്ഥാപിക്കൽ- രണ്ടാം ഘട്ടം, 148/22	ബിൽ നം-50,51 27.03.2022	1026392	0	1026392
കേരള വാട്ടർ അതോറിറ്റി	പുതുക്കളം കാഞ്ഞിരപ്പാറ റോഡിൽ പുതിയ പൈപ്പ് ലൈൻ സ്ഥാപിക്കൽ- മൂന്നാം ഘട്ടം, 180/22	ബിൽ നം-52,53,54 27.03.2022	1446212	0	1446212
കേരള വാട്ടർ അതോറിറ്റി	പുതുക്കളം കാഞ്ഞിരപ്പാറ റോഡിൽ	ബിൽ നം-55, 27.03.2022	925000	0	925000

	പുതിയ പൈപ്പ് ലൈൻ സ്ഥാപിക്കൽ- നാലാം ഘട്ടം, 186/22				
കെ.എസ്.ഇ.ബി	സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ, 122/22	ഓൺലൈൻ ട്രാൻസ്ഫർ,11.03.2022	427200	0	427200

4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

4-4 വായ്പ/ വായ്പ തിരിച്ചടവ്

വായ്പയുടെ പേര്/ ഉദ്ദേശ്യം	വായ്പ തുക	വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുണ്ടായിരുന്ന തുക	തൻവർഷം തിരിച്ചടച്ച തുക		വർഷാവസാനം തിരിച്ചടക്കാൻ ബാക്കിയുള്ള തുക
			മുതൽ	പലിശ	
ലൈഫ് ഭവന പദ്ധതി	3404791	2642128	381334		2260794

4-5 സ്ഥിരനിക്ഷേപം

ക്രമ നം	സ്ഥാപനത്തിന്റെ പേര്	നിക്ഷേപിച്ച തുക	വർഷാരംഭത്തിലുണ്ടായിരുന്ന തുക	പലിശ	വർഷാവസാനത്തിലുള്ള തുക
1	സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്- മലയാലപ്പുഴ എഫ്.ഡി നം-347 Dtd 31-03-2010	200000	475983	36889	512872
2	സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്- മലയാലപ്പുഴ എഫ്.ഡി നം-341 Dtd 29-03-2010	300000	713968	55333	769301
	ആകെ	500000	1189951	92222	1282173

4-6 ഓഡിറ്റ് റിക്കവറി

റിപ്പോർട്ട് വർഷം	ഭാഗം/ ഖണ്ഡിക	ഈടാക്കിയ തുക	ഒടുക്കിയ ആളുടെ പേരും	രസീത് നം.
2019-20	1-19	9252	ജയകുമാർ കോൺട്രാക്ടർ	121010101212
2019-20	1-19	3261	ജയകുമാർ കോൺട്രാക്ടർ	121010101213
2019-20	1-19	100378	എൻ.സദാനന്ദപണിക്കർ കോൺട്രാക്ടർ	121010101223
2018-19	1-16	1200	പ്രദ്യുമ്നൻ പിള്ള	12101010122

			കോൺട്രാക്ടർ	
2019-20	1-11	2400	പ്രദ്യുമ്നൻ പിള്ള കോൺട്രാക്ടർ	12101012300
1995-96	13	630	രാജു സി.ഐ കോൺട്രാക്ടർ	121010103075
1996-97	25	265	രാജു സി.ഐ കോൺട്രാക്ടർ	121010103075
1997-98	34	320	കെ.ചന്ദ്രൻപിള്ള കോൺട്രാക്ടർ	12101010307
2015-16	2-1	756	എൻ.സദാനന്ദപണിക്കർ കോൺട്രാക്ടർ	12101010328
2018-19	1-16	396	എൻ.സദാനന്ദപണിക്കർ കോൺട്രാക്ടർ	12101010328
2019-20	1-12	360	എൻ.സദാനന്ദപണിക്കർ കോൺട്രാക്ടർ	12101010328
2020-21	1-12	486	എൻ.സദാനന്ദപണിക്കർ കോൺട്രാക്ടർ	12101010328
2015-16	2-1	500	ഹരിലാൽ എസ് കോൺട്രാക്ടർ	12101010344
2015-16	2-1	1000	പ്രദ്യുമ്നൻ പിള്ള കോൺട്രാക്ടർ	121010103448
2019-20	1-12	1000	പ്രദ്യുമ്നൻ പിള്ള കോൺട്രാക്ടർ	121010103448
2018-19	1-16	500	അനൂപ് സോമൻ കോൺട്രാക്ടർ	121010103584
2019-20	1-12	500	അനൂപ് സോമൻ കോൺട്രാക്ടർ	121010103584
ആകെ		123204		

4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഓഡിറ്റ് വർഷം	ഖണ്ഡിക നം.	സമാഹൃത ഓഡിറ്റ് റിപ്പോർട്ട് വർഷം	ഖണ്ഡിക നം.	വിഷയം	നിലവിലെ അവസ്ഥ
2014-15	2-1	2016-17	2-1	തൊഴിൽ നികുതി സ്ഥാപന തലവൻ നൽകുന്ന റിട്ടേണുകൾ അപൂർണ്ണം	പരാമർശം നിലനിൽക്കുന്നു.
2015-16	2-1	2016-17	2-1	അംഗീകൃത കരാറുകാരുടെ നികുതി ഈടാക്കിയിട്ടില്ല	പരാമർശം നിലനിൽക്കുന്നു.

4-8 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

ഓഡിറ്റ് വർഷത്തെ ആകെ വരവ്	82077986

(മുന്നിരിപ്പ് ഉൾപ്പെടെ)	
ഓഡിറ്റ് വർഷത്തെ ആകെ ചെലവ്	69152505
വരവിനങ്ങളിലുള്ള നഷ്ടം	ഇല്ല
ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക (കേന്ദ്ര-സംസ്ഥാന സർക്കാരിനുള്ള നഷ്ടം ഉൾപ്പെടെ)	ഇല്ല
ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക	15000

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക നമ്പർ	നഷ്ടമായ തുക		ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
	ചാർജ് ചെയ്യാവുന്നവ	സർചാർജ് ചെയ്യാവുന്നവ	
		ഇല്ല	

തടസ്സപ്പെടുത്തിയ തുക

ഖണ്ഡിക നമ്പർ	തുക	ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും
1-27	15000	ശ്രീമതി ലീലാമ്മ.റ്റി.ആർ, സെക്രട്ടറി

സി) കേന്ദ്ര സംസ്ഥാന സർക്കാരുകൾ , മറ്റ് സ്ഥാപനങ്ങൾ എന്നിവയ്ക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് /തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

പേരും ഉദ്യോഗപ്പേരും	ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം	സ്ഥിരം മേൽവിലാസം
ശ്രീമതി ലീലാമ്മ.റ്റി.ആർ, സെക്രട്ടറി	വിരമിച്ചു	കൃഷ്ണശ്രീ, മലയാലപ്പുഴതാഴം പി.ഒ., പത്തനംതിട്ട ജില്ല

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

ഓഡിറ്റ് റിപ്പോർട്ട് വർഷം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം	തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം
2007-08	നം.എൽ.എഫ്.പി.റ്റിഎ.പി.10/211/11 തീയതി 07.10.10/04.02.13	2 (3-7, 3-8)
2012-13&2013-14	നം.എൽ.എഫ്.പി.റ്റി.എ. പി.9-893/14 തീയതി 07.11.14/18.11.14	3 (1-7, 3-4, 3-6)
2014-15	നം.കെഎസ്എ.പിറ്റിഎ.പി12-535/16 തീയതി 10.5.16	4 (2-2, 3-6, 3-7, 3-8)
2015-16	നം. കെഎസ്എ.പിറ്റിഎ.പി12-1188/16 തീയതി 17.11.16	2 (3-2, 3-5)
2016-17	നം. കെഎസ്എ.പിറ്റിഎ.പി11-810/17	11 (2-1, 2-2, 2-3,2-4,2-5, 2-6,

	തീയതി 15.07.17	2-7,3-2,3-7, 3-8,3-9)
2017-18	നം. കെഎസ്എ.പിറ്റിഎ.പി13-1468/18 തീയതി 29.10.18	3 (3-3, 3-9, 4-2)

ഡെപ്യൂട്ടി ഡയറക്ടർ

അനുബന്ധം-1

ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2021-2022 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ പത്തനംതിട്ട ജില്ലയിലെ മലയാലപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2021-2022-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

അനുബന്ധം-2

ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

പത്തനംതിട്ട ജില്ലയിലെ മലയാലപ്പുഴ ഗ്രാമപഞ്ചായത്തിന്റെ 2021-2022 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, പത്തനംതിട്ട
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്